# പതിമൂന്നാം കേരള നിയമസഭ
**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി VI
**(SUBJECT COMMITTEE VI)**

## വിദ്യാഭ്യാസം
**(EDUCATION)**

## പീരിയോഡിക്കൽ റിപ്പോർട്ട്
(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂൺ..........-ാം തീയതി സമർപ്പിച്ചത്
(Presented on .......... June, 2013)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI

## (SUBJECT COMMITTEE VI)

വിദ്യാഭ്യാസം

(EDUCATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

715/2013.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 18 |

# സബ്ജക്റ്റ് കമ്മിറ്റി VI
# വിദ്യാഭ്യാസം
# (2011-2013)

## ഘടന

ചെയർമാൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

„ ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

„ റ്റി. വി. രാജേഷ്

„ ഷാഫി പറമ്പിൽ

„ എം. ഉമ്മർ

„ പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

„ തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011-13 കാലയളവിലേക്കുള്ള സമിതി 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും രണ്ട് യോഗങ്ങൾ ബില്ലുകളുടെ പരിശോധനയ്ക്കും ഒരു യോഗം കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും ഒരു യോഗം 'കരട് സ്പോർട്സ് നയം 2012' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് പരിഗണിക്കുന്നതിനും ഒരു യോഗം ചട്ടം 235(എ) അനുസരിച്ച് വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോഴുണ്ടാവുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യുന്നതിനും വേണ്ടിയായിരുന്നു. യോഗങ്ങളിലെ അംഗങ്ങളുടെ ശരാശരി ഹാജർനില 60 ശതമാനമായിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ 2011-12 വർഷത്തെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും ഒന്നാം അദ്ധ്യായമായും ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ചട്ടം 236(6) പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് ലഭിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായമായും സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ചട്ടം 235(എ) പ്രകാരമുള്ള യോഗങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായമായും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2013 മേയ് 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,<br>*ചെയർമാൻ,*<br>*സബ്ജക്റ്റ് കമ്മിറ്റി VI.*

തിരുവനന്തപുരം,<br>2013 മേയ് 7.

# റിപ്പോർട്ട്

## അദ്ധ്യായം I

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 16-4-2012, 25-4-2012, 8-5-2012 എന്നീ തീയതികളിൽ യോഗംചേർന്ന് 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ താഴെ പറയുന്ന ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 11-6-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

(യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള സമിതിയുടെ പീരിയോഡിക്കൽ റിപ്പോർട്ട് 8-5-2012-ലെ സമിതിയോഗം അംഗീകരിക്കുകയും 4-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 17-7-2012-ലെ സമിതിയോഗം അംഗീകരിക്കുകയും 24-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

(17-7-2012-ൽ പരിഗണിച്ചവ)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

### ശിപാർശ

ഹൈസ്ക്കൂൾ തലത്തിൽ ക്ലബ്ബുകൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം, ഇംഗ്ലീഷിനുവേണ്ടി ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നീ ശീർഷകങ്ങളിൽ 15 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ഈ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ ശീർഷകങ്ങളിൽ 35 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 2689/ഡി1/10/പൊ.വി. തീയതി 22-2-2012)

2005-06 സാമ്പത്തിക വർഷം ഹൈസ്ക്കൂൾതലത്തിൽ ക്ലബ്ബുകൾ പുനരുദ്ധരിക്കുന്നതിനായി 2202-02-800-79 പ്ലാൻ എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഈ തുക മുഴുവനും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കൈമാറുകയും, ആയത് വിനിയോഗിച്ച് കഴിഞ്ഞിട്ടുമുണ്ട്.

അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷാപരിശീലനം നൽകുന്നതിനുവേണ്ടി കേരളത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 4 ജില്ലാ ഇംഗ്ലീഷ് പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2005-06 മുതൽ 2008-09 വരെ ഈ സ്ഥാപനങ്ങൾക്കായി 2202-05-102-93 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വീതം നീക്കിവയ്ക്കുകയും എന്നാൽ 2009-10 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക പൂർണ്ണമായും വിനിയോഗിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്കൂളുകളിൽ നടത്തുന്ന ഉച്ചഭക്ഷണ പരിപാടിക്കായി ഈ വർഷം 102 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 100 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ആയതിനാൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 100 കോടി രൂപ കൂടി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

### സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 2689/ഡി1/10/പൊ.വി. തീയതി 22-2-2012)

ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിൽ കുടിശ്ശികയൊന്നും കൊടുത്തുതീർക്കാനില്ല. ആയതിനാൽ അധികതുക അനുവദിക്കേണ്ട ആവശ്യം വരുന്നില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

### ശിപാർശ

**അദ്ധ്യാപകപരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ**

ഒരു നിശ്ചിതശതമാനം അദ്ധ്യാപകരെ ജില്ലാടിസ്ഥാനത്തിൽ റൊട്ടേഷൻ ക്രമത്തിൽ പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള സംവിധാനം ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തിയാൽ ചെലവാക്കുന്ന തുകയ്ക്ക് പ്രയോജനമുണ്ടാകുമെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. ഈ പരിശീലനം കൊണ്ടുണ്ടായ നേട്ടം അറിയുന്നതിന് കഴിഞ്ഞ അഞ്ചു വർഷത്തെ റിപ്പോർട്ട് തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 9596/ഡി1/2007/പൊ.വി. തീയതി 22-2-2012)

കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് അദ്ധ്യാപക പരിശീലന കേന്ദ്രമാണ് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ബാംഗ്ലൂർ. ഈ സ്ഥാപനത്തിൽ നിന്ന് കേരളത്തിലെ ഇംഗ്ലീഷ് അദ്ധ്യാപകർക്ക് 2006 മുതൽ വിവിധ കോഴ്സുകളിൽ പരിശീലനം കൊടുത്തുവരുന്നുണ്ട്. ഇംഗ്ലീഷ് ഭാഷാദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഈ സ്ഥാപനത്തിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇംഗ്ലീഷ് ഭാഷ അടിസ്ഥാനമാക്കിയുള്ള നവീനരീതികളും പ്രയോഗങ്ങളും പരിഷ്കരിച്ച പാഠ്യപദ്ധതിയനുസരിച്ചുള്ള പരിശീലനങ്ങളും നൽകിയിട്ടുണ്ട്. അങ്ങനെ സ്കൂളുകളിൽ ഇംഗ്ലീഷ് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് ഗുണമേന്മയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം നൽകിയ കോഴ്സുകളുടെയും പരിശീലനം നേടിയ അദ്ധ്യാപകരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

അനുബന്ധം

TRAINING PROGRAMMES CONDUCTED FOR KERALA FOR LAST 5 YEARS I.E. FROM 2006-07 TO 2010-11 & TILL DATE

| *Sl. No.* | *Programmes* | *From* | *To* | *Beneficiaries* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | HIGH SCHOOL TEACHERS | | | |
| 1 | 90-day Teacher Development Programme for Higher Secondary School Teachers | 12-6-2006 | 8-9-2006 | 31 |
| 2 | 90-day Teacher Development Programme for Higher Secondary School Teachers, course No. 83&84 (2 courses) | 9-7-2007 | 6-10-2007 | 36 |
| 3 ` | Secondary Teacher Development Programme | 2-6-2008 | 30-8-2008 | 18 |
| 4 | Secondary Teacher Development Programme | 8-9-2008 | 6-12-2008 | 19 |
| 5 | 90-day CELT Programme for High School Teachers-Course No .87 | 15-6-2009 | 11-9-2009 | 14 |
| 6 | 90-day CELT Programme for High School Teachers-Course No. 88 | 21-10-2009 | 12-1-2009 | 9 |
| 7 | 30-day CELT Programme for High School Teachers/Teacher Trainers (Course No.1) | 2-7-2010 | 31-7-2010 | 11 |
| 8 | 30-day CELT Programme for High School Teachers/Teacher Trainers (Course No. 2) | 2-8-2010 | 31-8-2011 | 53 |
| 9 | 30-day CELT Programme for High School Teachers/Teacher Trainers (Course No. 3) | 4-7-2011 | 2-8-2011 | 44 |
| 10 | 30-day CELT Programme for High School Teachers/Teacher Trainers (Course No. 4) | 8-8-2011 | 6-9-2011 | 31 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | PRIMARY SCHOOL TEACHERS | | | |
| 1 | 60-day Teacher Development Programme for Primary Level Teachers/Teacher Trainers | 9-10-2006 | 7-12-2006 | 15 |
| 2 | 60-day Teacher Development Programme for Primary Level Teachers/Teacher Trainers (2 Courses) | 12-11-2007 | 10-1-2008 | 9 |
| 3 | 60-day CELT Programme for the Primary School Teachers/Teacher Trainers of the CRC's level | 19-1-2010 | 20-3-2010 | 40 |
| 4 | 30-day CELT Programme for the Primary School Teachers/Teacher Trainers (Course No. 1) | 2-11-2010 | 1-12-2010 | 56 |
| | SHORT TERM PROGRAMMES | | | |
| 1 | Tele-mode Training Programme for Secondary School Teachers of Kerala | 22-6-2006 | 24-6-2006 | 600 |
| 2 | Multimedia Trg. Prog. for Pry. School Teachers of Kerala at DIET Sulthan Bathery | 21-2-2008 | 24-2-2008 | 240 |
| 3 | 6-day-Workshop for High School Teachers 1-day Teleconference | 2-12-2008 | 6-12-2008 | 36 |
| 4 | 2-day Workshop on Tools Preparation for achievement study from class III&VII for Kerala | 3-4-2009 | 4-4-2009 | 7 |
| 5 | Impact study Data Collection from the field in 3 centres in Kerala | 3-5-2009 | 7-5-2009 | 3 |
| 6 | 1st workshop Analysis of Data and Consolidation Work | 20-5-2009 | 23-5-2009 | 11 |
| 7 | 2nd workshop Analysis of Data and Consolidation work | 27-5-2009 | 30-5-2009 | 11 |
| 8 | Report Generation Workshop of Impact study-1 | 9-6-2009 | 12-6-2009 | 11 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | Report Generation Workshop of Impact-study-2 | 22-6-2009 | 26-6-2009 | 11 |
| 10 | Special Training Programme for Primary School Teachers/Teacher Trainers of Alapuzha Dist. Kerala (SSA)-Batch-1 | 21-7-2009 | 25-7-2009 | 34 |
| 11 | Special Training Programme for Primary School Teachers/Teacher Trainers of Alapuzha Dist. Kerala (SSA)-Batch-2 | 10-8-2009 | 14-8-2009 | 31 |
| 12 | Special Training Programme for Primary School Teachers/Teacher Trainers of Alapuzha Dist. Kerala (SSA)-Batch-3 | 25-8-2009 | 29-8-2009 | 34 |
| 13 | Dissemination Workshop | 5-9-2009 | 6-9-2009 | 11 |
| 14 | Special Training Programme for Primary School Teachers/Teacher Trainers of Alapuzha Dist. Kerala (SSA)-Batch4 | 22-9-2009 | 26-9-2009 | 34 |
| 15 | Special Training Programme for Primary School Teachers/Teacher Trainers of Alapuzha Dist. Kerala (SSA)-Batch-5 | 12-10-2009 | 16-10-2009 | 34 |
| 16 | Training Programme on communication skills in English for Primary School Teachers of Rural/Tribal areas of Idukki Dist. Kerala—1day observation programme and 5 school visits | 6-10-2009 | 8-10-2009 | 47 |
| 17 | Conceptualization and tools preparation workshop on impact study in three districts | 20-11-2009 | 22-11-2009 | 12 |
| 18 | Conceptualization workshop on Multi media materials preparation | 24-11-2009 | 25-11-2009 | 10 |
| 19 | One-day workshop Multi media Material preparation | | 1-12-2009 | 10 |
| 20 | Tools familiarization workshop on Impact Study in three district and two day cluster level training programmes observation | | 3-12-2009 | 51 |
| 21 | Script Writing workshop for Multi media Materials Kerala | 7-12-2009 | 12-12-2009 | 10 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 22 | Multi media materials—Editing and script finalization workshop | 11-1-2010 | 14-1-2010 | 5 |
| 23 | Special Teacher Empowerment Programme for DRPs/Teacher Train of Kozhicode, Kottayam, Ernakulam Districts of Kerala (Batch -I) | 5-7-2010 | 10-7-2010 | 36 |
| 24 | Special Teacher Empowerment Programme for DRPs/Teacher Trainers of Kannur, Mallapuram, Pathanamthitta,Kasargod Districts of Kerala (Batch-II) | 12-7-2010 | 17-7-2010 | 41 |
| 25 | Special Teacher Empowerment Programme for DRPs/Teacher Trainers of Kannur, Mallapuram, Pathanamthitta, Kasargod Districts of Kerala (Batch-III) | 9-8-2010 | 14-8-2010 | 33 |
| 26 | Special Teacher Empowerment Programme DRPs/Teacher Trainers of Kannur, Mallapuram, Pathanamthitta, Kasargod District of Kerala (Batch -IV) | 25-8-2010 | 29-8-2010 | 23 |
| 27 | 5-day Teacher empowerment cum creative workshop for Resource persons | 8-11-2010 | 12-11-2010 | 34 |
| 28 | Special Training Programme for Lecturers working in DIETs/TTIs | 31-1-2011 | 4-2-2011 | 10 |
| 29 | 5-day Teacher Empowerment Programme for the Resource Persons of SSA, Kerala (Batch-1) | 31-9-2011 | 17-9-2011 | 38 |
| 30 | 5-day Teacher Empowerment Programme for the Resource Persons of SSA, Kerala (Batch-II) | 19-9-2011 | 23-9-2011 | 45 |
| | | | Total | 2429 |

ശിപാർശ

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷക ത്തിൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 9596/ഡി1/2007/പൊ.വി. തീയതി 22-2-2012)

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഉള്ള അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലേക്കായി സംസ്ഥാന വിഹിതമായി 20 ലക്ഷം രൂപ വീതമാണ് എല്ലാ വർഷവും വകയിരുത്താറുള്ളത്. ആയത് 40 ലക്ഷം രൂപ യാക്കണമെന്ന ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

ശിപാർശ

**ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് ധനസഹായം**

ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 5 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 35 ലക്ഷം രൂപയും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നു. ഇതു കൂടാതെ 2204-00-101-96 (പ്ലാൻ) എന്ന ശീർഷകത്തിൽ സ്കൂളുകളിലെ കായിക വിദ്യാഭ്യാസ പരിപാടിക്ക് വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും 6 ലക്ഷം രൂപ ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനത്തിനു വേണ്ടി നീക്കിവച്ചിരിക്കുന്ന തായും കഴിഞ്ഞ സാമ്പത്തികവർഷവും ഈ സാമ്പത്തികവർഷവും ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി തുക കൂടി ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനത്തിന് ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വർഷം ഇതു സംബന്ധിച്ച ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനും സ്കൗട്ട്സ് പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സംബന്ധിച്ച് കുട്ടികളെയും പൊതുജനങ്ങളെയും ബോധവൽകരിക്കുന്ന തിനും മറ്റുമായി 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 9596/ഡി1/2007/പൊ.വി. തീയതി 22-2-2012)

ഭാരത് സകൗട്ട്സ് ആന്റ് ഗൈഡ്സിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ പ്രത്യേകമായി പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും തുടർന്നുള്ള വർഷ ങ്ങളിൽ അതായത് 2009-10 വർഷം പ്രസ്ഥാനത്തിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്

38.5 ലക്ഷം രൂപയായും 2010–2011 വർഷം ആയത് 50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് 30% വർദ്ധനവാണ് ഇതു കാണിക്കുന്നത്.

ശിപാർശ

ഏകദേശം ഒരു ലക്ഷത്തോളം കുട്ടികൾ പഠിക്കുന്ന ഓപ്പൺ സ്കൂൾ പാഠ്യപദ്ധതിയിൽ 7000–ത്തോളം കുട്ടികൾ മാത്രമേ സയൻസ് വിഷയങ്ങൾ പഠിക്കുന്നുള്ളൂ എന്നതിൽ സമിതി അസന്തുഷ്ടി പ്രകടിപ്പിച്ചു. ആയതിനാൽ ഓപ്പൺ/റെഗുലർ വിഭാഗത്തിൽ ഈടാക്കുന്ന ഫീസ് നിരക്ക് കുറച്ച് കൂടുതൽ കുട്ടികൾക്ക് സയൻസ് വിഭാഗത്തിൽ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നും ഓപ്പൺ സ്കൂൾ പഠനനിലവാരം മെച്ചപ്പെടുത്തി ഈ പാഠ്യപദ്ധതിയെ ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 9596/ഡി1/2007/പൊ.വി. തീയതി 22-2-2012)

വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ലഭിക്കുന്ന തുകയാണ് ഓപ്പൺ സ്കൂളിന്റെ ഏക വരുമാനം. കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ധനസഹായം ഒന്നും തന്നെ ലഭിക്കുന്നില്ല. ഓപ്പൺ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കണ്ടെത്തുന്നത് മേൽപ്പറഞ്ഞ വരുമാനത്തിൽ നിന്നാണ്. ഓപ്പൺ സ്കൂളിൽ ഓപ്പൺ റെഗുലർ, ഓപ്പൺ പ്രൈവറ്റ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് ഹയർ സെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷന് അവസരം നൽകുന്നത്. ഓപ്പൺ റെഗുലറിൽ പ്രാക്ടിക്കൽ ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. നിലവിൽ ഈ കോഴ്സിന്റെ സംഘാടനത്തിനായി വരുന്ന ചെലവുകൾ നിർവ്വഹിക്കാൻ പര്യാപ്തമല്ലാത്ത ഫീസ് ഘടനയാണ് ഉള്ളത്. ഓപ്പൺ/പ്രൈവറ്റ് വിഭാഗത്തിലെ വരുമാനം കൂടി പ്രയോജനപ്പെടുത്തിയാണ് ഓപ്പൺ/റെഗുലർ ക്ലാസിന്റെ സംഘാടനത്തിനായി പഠനകേന്ദ്രങ്ങൾക്ക് വിവിധ ഇനത്തിൽ തുക നൽകിവരുന്നത്.

ഓപ്പൺ സ്കൂൾ പഠനനിലവാരം മെച്ചപ്പെടുത്തി ഈ പാഠ്യപദ്ധതിയെ ശക്തിപ്പെടുത്തുന്ന നടപടിയെന്ന നിലയിൽ വിദ്യാർത്ഥികളുടെ തപാൽ മേൽവിലാസത്തിൽ ഉന്നതനിലവാരമുള്ള സ്വയം പഠനസഹായികൾ തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. സംശയങ്ങൾ ദൂരീകരിക്കുക, പ്രോജക്ടും അസൈൻമെന്റും തയ്യാറാക്കുക എന്നീ കാര്യങ്ങൾക്കായി സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കുകയും ആയത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നു. സമയബന്ധിതമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുകയും പരീക്ഷയ്ക്കു മുമ്പ് കൗൺസിലിംഗ് പ്രോഗ്രാം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ 2010–12 ബാച്ചുകൾ വെബ്സൈറ്റ് സേവനവും എം-ഗവേണൻസും ഉപയോഗപ്പെടുത്തി മേൽപ്പറഞ്ഞ കാര്യങ്ങൾ കാര്യക്ഷമമാക്കുവാൻ ആലോചിക്കുന്നുണ്ട്. കോഴ്സുകളിലും പഠനരീതിയിലും സപ്പോർട്ട് സിസ്റ്റത്തിലും ഗുണപ്രദമായ രീതിയിലുള്ള മാറ്റങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ഓപ്പൺ സ്കൂളിനെ സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ—കേരള (SCOLE-Kerala) എന്ന പേരിൽ പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

### ശിപാർശ

ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന് 2007-08 വർഷത്തിൽ 50 ലക്ഷം രൂപ പദ്ധതിയിനത്തിൽ മാത്രമേ വകയിരുത്തിയിട്ടുള്ളു. പദ്ധതിയേതരയിനത്തിൽ ഈ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പദ്ധതിയേതരയിനത്തിൽ 97 ലക്ഷം രൂപ വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

### സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 23758/കെ2/2011/ഉ.വി.വ. തീയതി 14-5-2012)

വിഭവലഭ്യതയുടെ പരിമിതി കാരണം സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശ യനുസരിച്ച് മ്യൂസിയത്തിന് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

### ശിപാർശ

സ്പോർട്സ്-യുവജന കാര്യാലയത്തിനും സ്പോർട്സ് കൗൺസിലിനും സ്പോർട്സ് മെഡിസിൻ സെന്ററിനും സ്പോർട്സ് ഡെമോൺസ്ട്രേഷൻ-കം-ട്രെയിനിംഗ് സെന്ററിനുമായി കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

### സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 4360/എ1/2011/കാ.യു.വ. തീയതി 24-1-2012)

കെട്ടിട നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ തുക വകയിരുത്താൻ കഴിഞ്ഞില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

### ശിപാർശ

സ്പോർട്സ്-യുവജനകാര്യാലയത്തിനും സ്പോർട്സ് കൗൺസിലിനും സ്പോർട്സ് മെഡിസിൻ സെന്ററിനും സ്പോർട്സ് ഡെമോൺസ്ട്രേഷൻ-കം-ട്രെയിനിംഗ് സെന്ററിനുമായി കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യഘട്ടമെന്നനിലയിൽ ഈ സാമ്പത്തികവർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 4302/എ1/2011/കാ.യു.വ. തീയതി 24-1-2012)

കെട്ടിടസമുച്ചയ നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ഇതിനായി തുക വകയിരുത്താൻ കഴിഞ്ഞില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

ശിപാർശ

തിരുവനന്തപുരം മൃഗശാലയുടെ വികസനപ്രവർത്തനങ്ങൾ, കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ വികസനം എന്നീ പദ്ധതിപ്രവർത്തനങ്ങൾക്കുപുറമെ തൃശ്ശൂരിലെ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ വിലയും ഈ സാമ്പത്തികവർഷം നൽകേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിനത്തിൽ ഇപ്പോൾ അനുവദിച്ച തുകയ്ക്കുപുറമെ 1420 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 1389/ബി2/2010/സാം.കാ.വ. തീയതി 1-3-2012)

തിരുവനന്തപുരം മൃഗശാലയുടെ വികസനപ്രവർത്തനങ്ങൾ 2009-10-ൽ അനുവദിച്ച പദ്ധതിവിഹിതത്തിൽനിന്നും നടത്തിയതിനാലും കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ വികസനപ്രവർത്തനങ്ങൾ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് ഉദ്ദേശിക്കുന്നതിനാലും തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനുള്ള പ്രവൃത്തി ഇപ്പോൾ വനംവകുപ്പ് മുഖേന നടത്തുന്നതിനാലും അധികഫണ്ട് ആവശ്യമില്ല.

ശിപാർശ

സ്പോർട്സ് യുവജനകാര്യാലയത്തിനും സ്പോർട്സ് കൗൺസിലിനും സ്പോർട്സ് മെഡിസിൻ സെന്ററിനും സ്പോർട്സ് ഡെമോൺസ്ട്രേഷൻ-കം-ട്രെയിനിംഗ് സെന്ററിനുമായി കെട്ടിടം നിർമ്മിക്കുന്നതിനും ഈ വർഷം നാഷണൽ ഗെയിംസ് കേരളത്തിൽ നടക്കുന്നതുകൊണ്ടും ഈ സാമ്പത്തികവർഷം 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 4389/എ1/2011/കാ.യു.വ. തീയതി 24-1-2012)

കെട്ടിടം നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയിരുന്നു. പുതിയ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

## അദ്ധ്യായം II

### (എ) ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

### ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

#### ശിപാർശ

എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിനായി ഫുൾ-ടൈം/പാർട്ട്-ടൈം പരിശീലന കോഴ്സ് സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് എം.ടെക്., പിഎച്ച്.ഡി., പി.ഡി.എഫ്. തുടങ്ങിയ കോഴ്സുകളിലേക്കുള്ള ചെലവുകൾ വഹിക്കുക, സമ്മേളനങ്ങൾ, സെമിനാറുകൾ, ഹ്രസ്വകാല കോഴ്സുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയ ചെലവുകൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതി ഇനത്തിൽ 320 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

#### സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 28771/ജി2/2010/ഉ.വി.വ. തീയതി 20-3-2012)

2010-2011 സാമ്പത്തിക വർഷത്തിൽ 2203-00-003-99 എന്ന ശീർഷകത്തിൽ ഫാക്കൽറ്റി വികസനം എന്ന ആവശ്യത്തിലേക്കായി ബഡ്ജറ്റ് വിഹിതമായി 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക അപര്യാപ്തമാണെന്ന് നിയമസഭാ സമിതി കാണുകയും ഈ ഇനത്തിൽ 320 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. സമിതിയുടെ ശിപാർശ വന്ന സമയത്ത് അനുവദിച്ച 100 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ചിരുന്നില്ല. ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതിനു ശേഷം സമിതി ശിപാർശ ചെയ്തിരുന്ന തുക അനുവദിക്കാൻ ആവശ്യപ്പെടാൻ തീരുമാനിക്കുകയായിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോഴും ഫാക്കൽറ്റി വികസനത്തിലെ ഫുൾ-ടൈം/പാർട്ട്-ടൈം പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സമ്മേളനങ്ങൾ, സെമിനാറുകൾ, എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് പി.ഡി.എഫ്., എം.ടെക്. തുടങ്ങിയവ സംബന്ധിച്ച ചെലവുകൾ മുഴുവനായും നടപ്പാക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ അനുവദിക്കപ്പെട്ട 100 ലക്ഷം രൂപയിൽ കൂടുതൽ തുക ആവശ്യമായി വന്നില്ല. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നിരുന്നില്ല.

#### ശിപാർശ

ലോകബാങ്കിന്റെ സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയുടെ രണ്ടാംഘട്ടം 2010 ഏപ്രിൽ മാസത്തിൽ തുടങ്ങുമെങ്കിലും ഇതിലേക്കായി

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത രണ്ടാംഘട്ട പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുന്നതിനുവേണ്ടി 2203-112-75-പ്ലാൻ എന്ന ശീർഷകത്തിൽ 1040 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

## സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 28771/ജി2/2010/ഉ.വി.വ. തീയതി 20-3-2012)

ലോകബാങ്കിന്റെ സഹായത്തോടെയുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്കായി 2203-112-75 എന്ന ശീർഷകത്തിൽ 1040 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജൂലൈ 2010-ലെ ഉപധനാഭ്യർത്ഥനയിൽ 65 ലക്ഷം രൂപ ഈ ഇനത്തിൽ അനുവദിച്ചിരുന്നു.

## ശിപാർശ

എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിക്കുക എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലായതിനാൽ ഇതിലേക്കായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സ്വീകരിച്ച നടപടി

(റഫറൻസ് നമ്പർ 28771/ജി2/2010/ഉ.വി.വ. തീയതി 20-3-2012)

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ മാത്രമാണ് പുതിയ കോഴ്സുകൾ തുടങ്ങിയത്. ഈ കോളേജുകളുടെ ബഡ്ജറ്റ് ശീർഷകങ്ങളായ 2203-00-112-97, 2203-00-112-95 എന്നിവയിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം കൊണ്ട് പുതുതായി തുടങ്ങിയ എം.ടെക്. കോഴ്സുകളിലെ പ്രധാന ആവശ്യങ്ങൾ നടപ്പിലാക്കുകയുണ്ടായി. ശീർഷകങ്ങളിൽ തുകയുണ്ടായിരുന്നതുകൊണ്ട് അധികം തുകയുടെ ആവശ്യം ഉണ്ടായിരുന്നില്ല.

## ശിപാർശ

എല്ലാ വർഷവും പതിമൂന്നോളം വിവിധ പ്രവേശന പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, ഉത്തരക്കടലാസിന്റെ പരിശോധന എന്നിവയ്ക്കുള്ള ചെലവുകളുടെ വർദ്ധനവും മുൻ വർഷങ്ങളിലെ കുടിശ്ശിക കൊടുത്തു തീർക്കാത്തത് ഉൾപ്പെടെയുള്ള ചെലവുകൾക്കും രഹസ്യ സേവന ചെലവുകൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ രഹസ്യ സേവന ചെലവുകൾക്ക് 33 ലക്ഷം രൂപ പദ്ധതിയിതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

(റഫ. നം.28771/ജി2/2010/ഉ.വി.വ. തീയതി 20-3-2012)

2009-2010 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ രഹസ്യസേവന ചെലവുകളുടെ ഇനത്തിൽ തുക അപര്യാപ്തമാകയാൽ കൂടുതൽ തുക അനുവദിക്കുന്നതിലേക്കായി സർക്കാരിനോട് അഭ്യർത്ഥിച്ചതനുസരിച്ച് ജി.ഒ. (ആർടി.) നമ്പർ 5800/10/ഫിൻ. തീയതി 27-7-2010 പ്രകാരം 40 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് പദ്ധതിയേതരയിനത്തിൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

11-1-2011 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർടി.) 535/2011/ഫിൻ. പ്രകാരം 40,000 രൂപ ഗവൺമെന്റ് അനുവദിക്കുകയും ടി തുക പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കുകയും ചെയ്തു.

(റഫ. നം. 28771/ജി2/2010/ഉ.വി.വ. തീയതി 20-3-2012)

[ഖണ്ഡിക 28, 29, 30, 36, 37 സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് 22-3-2012-ന് സഭയിൽ സമർപ്പിച്ചു. റഫ. നം. 28771/ജി2/2010/ഉ.വി.വ. തീയതി 13-3-2012]

ശിപാർശ

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കലാകാര പെൻഷൻ ഇലക്ട്രോണിക് മണി ഓർഡറായി അയയ്ക്കുന്നതിനും ഡയറക്ടറേറ്റിന്റെ ഇതരപ്രവർത്തനങ്ങൾ സുഗമവും ഫലപ്രദവുമായി നിർവ്വഹിക്കുന്നതിനും നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനവും മറ്റും ആധുനികവൽക്കരിക്കുന്നതിനും ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

(റഫ. നം. 5870/സി2/2011/സാം.കാ.വ. തീയതി 4-2-2012)

2010-11 സാമ്പത്തിക വർഷത്തിൽ 2205-00-102-52-05-(4) നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും സാംസ്കാരിക ഡയറക്ടറേറ്റിലെ ഓഫീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറും ലാൻ സംവിധാനവും ഏർപ്പെടുത്തുന്നതിനായി 1,09,443 രൂപ അനുവദിച്ചിട്ടുണ്ട്.

ഡിലേ സ്റ്റേറ്റ്മെന്റ് 11-7-2012-ന് സഭയിൽ സമർപ്പിച്ചു.

റഫ. നം. 1291/സി2/2012/സാം.കാ.വ. തീയതി 28-3-2012

<u>ശിപാർശ</u>

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ, കൂത്തമ്പലത്തിൽ ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ മേൽക്കൂര നിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും സംഘത്തിന്റെ പ്രവർത്തനാവശ്യങ്ങൾക്കായി പദ്ധതിയേതരയിനത്തിൽ 26 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

(റഫ. നം. 5031/ബി2/2010/സി.എ.ഡി. തീയതി 14-12-2011)

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 31-3-2011-ലെ സ.ഉ.(സാധാ) നമ്പർ 282/11/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം 19 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സർക്കാരിന്റെ സാമ്പത്തിക പരിമിതികൾമൂലം കൂടുതൽ തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ഡിലേ സ്റ്റേറ്റ്മെന്റ് 11-7-2012-ന് സഭയിൽ സമർപ്പിച്ചു.

റഫ. നം. 2630/ബി2/2012/സാം.കാ.വ. തീയതി 16-5-2012

(ബി) **ചട്ടം 236(6) പ്രകാരമുള്ള സമയപരിധിക്കുശേഷം ലഭിച്ച ആനുവൽ പെർഫോമൻസ് റിപ്പോർട്ടുകൾ**

## (XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം)

| *ക്രമ നമ്പർ* | *വകുപ്പ്* | *സാമ്പത്തിക വർഷം* | *റഫറൻസ് നമ്പർ* | *സഭയിൽ സമർപ്പിച്ച തീയതി* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പൊതുവിദ്യാഭ്യാസം | 2011-12 | 23936/പി2/2012/പൊ.വി.വ. തീയതി 21-6-2012 | 28-6-2012 |
| 2 | ശാസ്ത്ര-സാങ്കേതികം | 2011-12 | 655/എ4/2012/ശാ.സാ.വ. തീയതി 25-6-2012 | 24-7-2012 |
| 3 | കായികയുവജനകാര്യം | 2010-11 | 1203/എ1/2011/കാ.യു.വ. തീയതി 28-9-2012 | 18-12-2012 |
| | | 2011-12 | 1346/എ1/2011/കാ.യു.വ. തീയതി 18-11-2012 | 18-12-2012 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | സാംസ്കാരികകാര്യം | 2011-12 | 2843/ബി3/2012/സാം.കാ.വ. തീയതി 2-8-2012, 30-1-2013 | 18-12-2012, 7-2-2013 |
| 5 | ഉന്നതവിദ്യാഭ്യാസം | 2010-11 | 25302/പി/2011/ഉ.വി.വ. തീയതി 31-1-2013 | 7-2-2013 |
| | | 2011-12 | 13370/പി/2012/ഉ.വി.വ. തീയതി 31-1-2013 | 7-2-2013 |

## അദ്ധ്യായം III

(എ) **ബില്ലുകളുടെ പരിശോധന**

1. 2012-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ 12-6-2012-ലെ യോഗം ഭേദഗതിയോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 13-6-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2012-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ 12-6-2012-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 14-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ 25-3-2013-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 26-3-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ 25-3-2013-ലെ യോഗം ഭേദഗതികൂടാതെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 26-3-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) **ചട്ടങ്ങളുടെ പരിശോധന**

സമിതിയുടെ 17-7-2012-ൽ ചേർന്ന യോഗം താഴെ പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:

The Kerala Education (Amendment) Rules, 2011

(Ref. No. 42248/J3/G.Edn. dated 12-4-2012)

ചട്ടം 1 (1)-ൽ The Kerala Education (Amendment) Rules, 2011 എന്നത് Kerala Education (Amendment) Rules, 2012 എന്ന് മാറ്റണം.

(സി) **ചട്ടം 235 (എ) അനുസരിച്ച് ചേർന്ന യോഗങ്ങൾ**

1. 'കരട് സ്പോർട്സ് നയം-2012'-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 'കരട് സ്പോർട്സ് നയം-2012 സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്' 23-7-2012-ൽ ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 25-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 17-10-2012-ലെ യോഗം വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോഴുണ്ടാകാവുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി അഭിപ്രായങ്ങൾ രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടം 239(2) പ്രകാരമുള്ള റിപ്പോർട്ട് 19-12-2012-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

(യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

തിരുവനന്തപുരം,
2013 മേയ് 7.

അനുബന്ധം

## 1. 16-4-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി-VI (വിദ്യാഭ്യാസം) 2012 ഏപ്രിൽ 16-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ
2. ഡോ. കെ. ടി. ജലീൽ, ,,
3. ശ്രീ. ഷാഫി പറമ്പിൽ, ,,
4. ശ്രീ. എം. ഉമ്മർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. കെ. എം. അബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3. പ്രൊഫ. വി. എൻ. രാജശേഖരൻപിളള, പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ് ആന്റ് ടെക്നോളജി വകുപ്പ്
4. ശ്രീ. എ. ഷാജഹാൻ, ഡി.പി.ഐ.
5. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം
6. ശ്രീ. എസ്. അജികുമാരൻ, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
7. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8. ശ്രീ. കെ. അജിത്കുമാർ, അഡീഷണൽ സെക്രട്ടറി
9. ശ്രീ. സജിത് വിജയരാഘവൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്

10. ശ്രീ. സയ്യദ് റഷീദ്, ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി & ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്

11. ശ്രീ. ജി. അരുൾ ജെറാൾഡ് പ്രകാശ്, ഡയറക്ടർ, കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

12. ശ്രീ. മോഹൻ എബ്രഹാം, ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള.

13. ഡോ. ഇ. വത്സലകുമാർ, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്, കേരള (സീമാറ്റ്)

14. ശ്രീ. കെ. അജിത്, ഡയറക്ടർ (ഇൻ-ചാർജ്), ഡയറക്ടറേറ്റ് ഓഫ് വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ

15. പ്രൊഫ. കെ.എ. ഹാഷിം, ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.)

16. പ്രൊഫ. പി. അലസ്സൻകുട്ടി, ഡയറക്ടർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി

17. ശ്രീ. കെ. രവീന്ദ്രനാഥ്, പ്രൊ-വൈസ്ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി

18. ഡോ. എ. രാമചന്ദ്രൻ, രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി

19. ശ്രീ. എം. എ. കെ. ഹാറൂൺ റഷീദ്, രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

20. ശ്രീ. പി. രാഘവൻ, രജിസ്ട്രാർ (ഇൻ-ചാർജ്), യൂണിവേഴ്സിറ്റി ഓഫ് കേരള

21. ശ്രീ. എം. ആർ. ഉണ്ണി, രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

22. പ്രൊഫ. കെ. കെ. വേലായുധൻ, രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി

23. ഡോ. പി. കെ. വേലായുധം, അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം

24. ശ്രീ. എൽ. രാജൻ, അഡീഷണൽ ഡയറക്ടർ, സർവ്വശിക്ഷാ അഭിയാൻ

25. ശ്രീ. എസ്. ബാബു, ജോയിന്റ് സെക്രട്ടറി, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ

26. ശ്രീ. എം. ഷെറീഫ്, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

27. ശ്രീ. എം. ദിവാകരൻ, ജോയിന്റ് സെക്രട്ടറി, ഓഫീസ് ഓഫ് ദി ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്

28. ഡോ. കെ. കെ. രാമചന്ദ്രൻ, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി എൺവിയോൺമെന്റ്

29. ശ്രീ. എസ്. എസ്. അനിൽകുമാർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ

30. ശ്രീമതി വി. ശാന്തകുമാരി, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ

31. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്)

32. ശ്രീമതി പി. സുപ്രഭ, സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം

33. ശ്രീമതി ടി. നന്ദിനി കുമാരി, സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്.

34. ഡോ. കെ. തുളസീധരൻ നായർ, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൺവയോൺമെന്റ്

35. ശ്രീ. എൽ. രാജേന്ദ്രൻ, പ്രോജക്ട് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ

36. ശ്രീ. എൻ. കെ. രാജൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ

37. ഡോ. എസ്. നസീബ്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ

സമിതി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്നിവ സംബന്ധിച്ച XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ വിവിധ ശീർഷകങ്ങളിൻമേൽ വകുപ്പുകളിൽ നിന്നുള്ള ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശുപാർശകൾ നൽകുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ പദ്ധതിയിനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും ചെറിയ സ്കീമുകളിൽ ഫണ്ട് വകയിരുത്തുന്നത് ഒഴിവാക്കി പകരം ആവശ്യമുള്ള പദ്ധതികൾ ഒരുമിച്ചാക്കി ഒറ്റഹെഡ്ഡാക്കണമെന്നുള്ള പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം ഡി.പി.ഐ., ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ വകുപ്പുകളിലേക്കായി നാല് പുതിയ ഹെഡ് ഓഫ് അക്കൗണ്ടുകൾ കൊണ്ടുവന്നിട്ടുണ്ടെന്നും അവ അടിസ്ഥാനസൗകര്യവികസനം, ഭരണസംവിധാനത്തിന്റെ നവീകരണം വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി, അക്കാഡമിക് എക്സലൻസ് എന്നിവയാണെന്നും മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം വിവിധ പദ്ധതികൾക്ക് ആവശ്യത്തിന് തുക വകയിരുത്തിയിട്ടുണ്ടെന്നും

ഡി.പി.ഐ.യ്ക്ക് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിനാൽ അംഗവൈകല്യമുള്ള കുട്ടികൾക്ക് കൂടുതൽ ധനസഹായം നൽകാൻ കഴിയുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേന്ദ്രീകൃത അടുക്കള പദ്ധതിക്കും കിച്ചൺ എക്വിപ്മെന്റ്സിനും ആവശ്യമായ ധനസഹായം കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും കേന്ദ്രീകൃത അടുക്കളയിൽനിന്നും ഒരുമിച്ച് പാചകം ചെയ്ത് പലയിടത്തേക്കും കൊണ്ടുപോകുന്നതിനായി നേരത്തെ പാചകം ചെയ്യേണ്ടിവരുന്നതിനാൽ ആഹാരം പാഴാകുന്നതുമൂലം കേന്ദ്രീകൃത അടുക്കള പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും പകരം ഓരോ സ്കൂളിലും അടുക്കള നിർമ്മിക്കുവാനുള്ള തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചതിനാലാണ് ഈ ശീർഷകത്തിൽ 2012-13-ൽ തുകയൊന്നും വകയിരുത്താത്തതെന്നും സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടുതൽ പോഷകാംശമുള്ള ഭക്ഷണം വിതരണം ചെയ്യുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കാമെന്നും അതുവഴി സ്കൂൾ വിദ്യാർത്ഥികളുടെ ഭക്ഷണവിതരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഇത് സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

മൾട്ടി ലേണിംഗ് സെന്ററിന് കഴിഞ്ഞവർഷംവരെ എസ്.എസ്.എ. യാണ് ഫണ്ട് കൊടുത്തിരുന്നതെന്നും കഴിഞ്ഞവർഷം മൾട്ടി ലേണിംഗ് സെന്ററുകൾ നിർത്തലാക്കി ബദൽ സ്കൂളുകൾ ആരംഭിച്ചുവെന്നും എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ബദൽ സ്കൂളുകൾക്കു പകരം എൽ.പി. സ്കൂളുകൾ ആരംഭിക്കണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നതിനാൽ ഒരു കിലോമീറ്റർ ചുറ്റളവിൽ എൽ.പി. സ്കൂൾ ഇല്ലാത്ത പ്രദേശങ്ങളിൽ ഒരേക്കർസ്ഥലം ലഭ്യമാകുന്നിടത്ത് എൽ.പി. സ്കൂൾ ആരംഭിക്കാമെന്നും ബഹു. സമിതി ചെയർമാൻ വിശദമാക്കി.

തുടർന്ന് പരീക്ഷാഭവൻ വിപുലീകരണം സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഭവൻ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ പരീക്ഷാബോർഡുകൾ സംയോജിപ്പിച്ച് ഒരു പരീക്ഷാ ബോർഡിന് രൂപംനൽകുന്ന പദ്ധതിയാണിതെന്നും എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾ വരുത്തുന്ന ജോലികൾ വികേന്ദ്രീകരിച്ച് താഴ്ന്ന ഓഫീസുകൾക്ക് നൽകിയിട്ടുണ്ടെന്നും അഡ്മിഷൻ രജിസ്റ്ററിൽ തിരുത്താനുള്ള അവകാശം ഹെഡ്മാസ്റ്റർക്കാണെന്നും എസ്.എസ്.എൽ.സി. യുടെ തിരുത്തൽ മാത്രമേ പരീക്ഷാഭവനിൽ വരികയുള്ളൂവെന്നും ഇത്തരത്തിൽ പരീക്ഷാഭവനിലെ തിരക്ക് ഒഴിവാക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി.

കരകുളം പഞ്ചായത്തിൽ ആരംഭിച്ച 'ഗ്രാമീണ പഠന കേന്ദ്രം' എന്ന പദ്ധതിയെ പറ്റി സമിതി അംഗം ആരായുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം, പദ്ധതി ആസൂത്രണം, ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ തുടങ്ങിയ ഒട്ടേറെ മേഖലകൾ കണ്ടെത്തി പിന്തുണയ്ക്കുക എന്നതായിരുന്നു കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യമെന്നും ഐ.ഐ.റ്റി.സി., പാർക്ക്, കലാഗ്രാമം, ഗ്രാമീണവികസനകേന്ദ്രം തുടങ്ങിയ

മേഖലകളിലേക്ക് ഇതിന്റെ പ്രവർത്തനം വിപുലീകരിച്ചുവെന്നും ഇപ്പോൾ ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതിയായിമാറിയെന്നും എന്നാൽ പ്രസ്തുത കേന്ദ്രം കഴിഞ്ഞവർഷം വിദ്യാഭ്യാസ വകുപ്പിന് എന്ത് നേട്ടമാണ് ഉണ്ടാക്കിയതെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദമാക്കി.

തുടർന്ന് ഇംഗ്ലീഷ് ഭാഷയുടെ പ്രോത്സാഹനം ലക്ഷ്യമിട്ടുകൊണ്ട് നാല് ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതിൽ തൃശ്ശൂർ സെന്ററിനെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്കൂൾ അധികൃതർ അനുകൂലമായ റിപ്പോർട്ട് നൽകുകയുണ്ടായില്ലെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദമാക്കുകയുണ്ടായി. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് എത്രയുംവേഗം അനുമതി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 5-ാംതരം വരെയുള്ള സ്കൂളുകൾ എൽ.പി. ആക്കുന്ന നടപടി സമിതി ചർച്ച ചെയ്തു. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നും എൽ.പി. സ്കൂളുകളിലും യു.പി. സ്കൂളുകളിലും 5-ാംക്ലാസും 8-ാം ക്ലാസും പുതുതായി ആരംഭിക്കണമെങ്കിൽ ഏകദേശം പതിനാറായിരത്തോളം ക്ലാസ്മുറികൾ പുതിയതായി ഉണ്ടാക്കേണ്ടിവരുമെന്നും ഇതിനായി ആയിരംകോടി രൂപയുടെ ചെലവുവരുമെന്നും കൂടാതെ ഏകദേശം ഇരുപതിനായിരത്തോളം അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്യേണ്ടിവരുമെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദമാക്കി. എന്നാൽ ഒന്ന് മുതൽ പത്തുവരെ ക്ലാസുകളുള്ള എല്ലാ സ്കൂളുകളേയും ഒറ്റയൂണിറ്റായെടുത്ത് മൂന്ന് കിലോമീറ്ററിനകത്ത് വരുന്ന യു.പി. സ്കൂളിനെ neighbourhood സ്കൂളായി പരിഗണിച്ച് ആ സ്കൂളിലേക്ക് അഞ്ചാം ക്ലാസ്സിലേക്ക് പോകുന്ന കുട്ടിയെ ചേർത്തതായി പ്രഖ്യാപിക്കുമെന്നും അവിടെ ടി. സി. ഇല്ലാതെതന്നെ കുട്ടിക്ക് പഠനം തുടരാൻ കഴിയുമെന്നും കുട്ടിയുടെ റെക്കോർഡ്സ് എൽ.പി. സ്കൂളിൽതന്നെ സൂക്ഷിക്കുമെന്നും സെക്രട്ടറി തുടർന്ന് വ്യക്തമാക്കുകയുണ്ടായി. തുടർന്ന് സമിതി മദ്രസവിദ്യാഭ്യാസം നവീകരിക്കൽ, ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രീമെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ടെക്സ്റ്റ്ബുക്കുകളുടെ അച്ചടി, വിതരണം എന്നിവ സംബന്ധിച്ചും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ ചർച്ച ചെയ്തു.

ആർ.എം.എസ്.എ.-ൽ 25 ശതമാനം സംസ്ഥാന വിഹിതമാണെന്നും ഇതിന്റെ ഫണ്ടിൽ നിന്നാണ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നതെന്നും 2009-10-ൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ലഭിച്ച ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ എസ്റ്റിമേറ്റ് റേറ്റിൽ വ്യത്യാസം വന്നതുകൊണ്ട് സാധിച്ചില്ലെന്നും ബഹു. സമിതി ചെയർമാൻ വിശദമാക്കുകയുണ്ടായി. ആർ.എം.എസ്.എ. ഫണ്ട് യഥാസമയം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നില്ലെന്നും സാംങ്ഷൻ കിട്ടിയ 61 സ്കൂളുകൾക്ക് പഴയഷെഡ്യൂൾ വച്ചുള്ള തുക മാത്രമേ ലഭിക്കുകയുള്ളൂവെന്നും ഇതുപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയില്ലെന്നും എസ്റ്റിമേറ്റ് 58 ലക്ഷം രൂപയും നിർമ്മാണ ചെലവ് 90 ലക്ഷം രൂപയുമാണെന്നും അതുകൊണ്ട് 58 ലക്ഷം രൂപയ്ക്ക് ചെയ്യാൻ സാധിക്കുന്ന അത്രയും നിർമ്മാണം നടത്താനും അതിനുശേഷം കേന്ദ്രസർക്കാരിന്റെ തീരുമാനപ്രകാരം തുടർപ്രവർത്തനം തീരുമാനിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ വിശദീകരിച്ചു.

യൂണിഫോം വിതരണം നിലവിൽ ഗവൺമെന്റ് സ്കൂളുകൾക്കേയുള്ളൂവെന്നും വിദ്യാഭ്യാസ അവകാശനിയമം വരുമ്പോൾ ബി. പി. എൽ. ലെവലിലുള്ള കുട്ടികളെ എയ്ഡഡ് സ്കൂളുകളിൽ പ്രവേശിപ്പിക്കേണ്ടിവരുമെന്നും അങ്ങനെയുളളവർക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നത് ശരിയല്ലെന്നും സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത ആനുകൂല്യം അപ്രകാരം നിഷേധിക്കപ്പെടുകയില്ലെന്നും 25% തുക കേന്ദ്ര ഗവൺമെന്റിൽ നിന്ന് റീഇംപേഴ്സ് ചെയ്യാമെന്നും അംഗീകാരമുള്ള സ്കൂളുകൾക്ക് പ്രസ്തുത തുക അനുവദിക്കാവുന്നതാണെന്നും സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി.

തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനായി പദ്ധതിയേതരയിനത്തിൽ ആവശ്യപ്പെട്ടിരുന്നതിന്റെ മൂന്നിലൊന്ന് തുക മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും മാസത്തിലൊരിക്കൽ ഡി. ഡി. മാരുടെയും ഡി.ഇ.ഒ. മാരുടെയും യോഗങ്ങൾ തിരുവനന്തപുരത്തുവച്ച് ചേരാറുണ്ടെന്നും കൂടാതെ ജില്ലാതല യോഗങ്ങളിൽ ജീവന ക്കാർക്ക് പങ്കെടുക്കേണ്ടതായി വരുന്നുണ്ടെന്നും അതോടൊപ്പം ടി. എ. നിരക്ക് വർദ്ധി പ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇത് തികച്ചും അപര്യാപ്തമാണെന്നും ഡി. പി. ഐ. സമിതിയെ ബോധിപ്പിച്ചു. ഇതു സംബന്ധിച്ച് സമിതി മുമ്പാകെ ഒരു കുറിപ്പ് സമർപ്പി ക്കുകയാണെന്നും ആയത് പരിഗണിച്ച് ശുപാർശ ചെയ്യണമെന്നും തുടർന്നറിയിച്ചു. പ്രസ്തുത കുറിപ്പ് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ അംഗീകരിക്കുകയും ചെയ്തു.

**ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ**

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ 62.46 ലക്ഷം രൂപ അധിക മായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾ**

ഗവൺമെന്റേതര പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് ജീവന ക്കാർക്കും ഔദ്യോഗിക യാത്രാബത്തയിനത്തിൽ കുടിശികയുൾപ്പെടെയുള്ള തുക യഥാസമയം അനുവദിക്കുന്നതിന് 146.36 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് ശുപാർശ ചെയ്തു.

**ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ**

ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് 37.36 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**ഗവൺമെന്റേതര സെക്കണ്ടറി സ്കൂളുകൾ**

ഗവൺമെന്റേതര സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ഔദ്യോഗിക യാത്രാചെലവുകൾക്കായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് ശുപാർശ ചെയ്തു.

**പരിശോധന**

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്തയിനത്തിൽ 63.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**ഡയറക്ടറേറ്റ് ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ**

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ**

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ 43.67 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**പരിശോധന**

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

പൊതുവിദ്യാഭ്യാസ വകുപ്പിലെ നിരവധി ഓഫീസുകൾ, സ്കൂളുകൾ എന്നിവ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായും വാടക കുടിശ്ശികയിനത്തിൽ 60 ലക്ഷം രൂപ ഇനിയും നൽകേണ്ടതായിട്ടുണ്ടെന്നും സമിതി മനസിലാക്കുകയും ഇതിലേക്കായി 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

**കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി ധനസഹായം**

കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം പ്രേരക്മാർക്ക് ഓണറേറിയം വർദ്ധിപ്പിച്ചുനൽകാൻ സാധിക്കാത്തതാണെന്നും മുൻകാലങ്ങളിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ഫണ്ട് 2009 മാർച്ചിനുശേഷം ലഭിച്ചിട്ടില്ലെന്നും കേരളത്തിൽ 93 ശതമാനം സാക്ഷരതയുണ്ടെങ്കിലും ആദിവാസിമേഖലകൾ, തീരദേശമേഖലകൾ, ഭാഷാന്യൂനപക്ഷ മേഖലകൾ തുടങ്ങിയ പ്രദേശങ്ങളിലൊക്കെ നിരക്ഷരത നിലനിൽക്കുന്നുണ്ടെന്നും എന്നാൽ നിലവിലുള്ള പ്രേരക്മാർ ഓണറേറിയം വർദ്ധിപ്പിച്ചുനൽകണമെന്നാവശ്യപ്പെട്ട് നിരന്തരമായി സമരം നടത്തിക്കൊണ്ടിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിച്ചു.

കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനിൽ സാക്ഷരതാ പ്രേരക്മാരായും അസിസ്റ്റന്റ് പ്രേരക്മാരായും പ്രവർത്തിക്കുന്നവർക്ക് നൽകിവരുന്ന ഓണറേറിയം വർഷങ്ങളായി വർദ്ധിപ്പിച്ചു നൽകിയിട്ടില്ലെന്നും പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിലുള്ളവർക്ക് ഇന്നു ലഭിക്കുന്ന തുക 1300 മുതൽ 2,400 രൂപ വരെയാണെന്നും ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ തൊഴിലാളികൾക്കു ലഭിക്കുന്ന തുക പോലും ഇവർക്കു ലഭിക്കുന്നില്ല എന്നത് ഖേദകരമാണെന്നും ആയതിനാൽ പ്രേരക്,

അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയ ത്തിൽ 100% വർദ്ധനവ് നൽകണമെന്നും ഈ വർദ്ധനവ് വരുത്തുന്നതിനാവശ്യ മായ തുക വകയിരുത്തണമെന്നും ശുപാർശ ചെയ്തു.

**സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്**

സി.ഡി.എസ്.-ലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും പരിഷ്ക്കരിച്ച ശമ്പളം നൽകുന്നതിന് 45% തുക കേന്ദ്ര സർക്കാരിനുകീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ചും 45% തുക സംസ്ഥാനവും നൽകുന്നുണ്ടെന്നും ബാക്കി 10% തുക സി.ഡി.എസ് സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണെന്നും എന്നാൽ സംസ്ഥാന വിഹിതം ലഭിച്ചിട്ടില്ലെന്നും ഡയറക്ടർ അറിയിച്ചു. ആയതിനാൽ സി.ഡി.എസ്.-ന് പദ്ധതിയേതര ഇനത്തിൽ ഈ വർഷം വകയിരുത്തിയിട്ടുള്ള 165 ലക്ഷം രൂപ 293.51 ലക്ഷം രൂപയായി വർദ്ധിപ്പി ക്കണമെന്ന് ശുപാർശ ചെയ്തു.

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറാഫീസ്**

ഈ സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 80 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**മേൽനോട്ടം ജോയിന്റ് ഡയറക്ടറേറ്റുകൾ**

ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരു ത്തിയിരിക്കുന്ന തുകയ്ക്കു പുറമേ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

**പരീക്ഷാ വിഭാഗം**

ഈ സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി വിഹിതമായി 70 ലക്ഷം രൂപ അനുവദിക്കണ മെന്ന് ശുപാർശ ചെയ്തു.

**കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക്**

കമ്മ്യൂണിറ്റി പോളിടെക്നിക്ക് 12-ാം പഞ്ചവത്സര പദ്ധതിയിലെ കേന്ദ്ര സർക്കാരിന്റെ കണ്ടിന്യൂയിംഗ് സ്കീമാണെന്നും വ്യവസായ വകുപ്പാണ് ഇതിന് അപേക്ഷ സമർപ്പിക്കേണ്ടതെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ നോപ്രോഫിറ്റ് നോലോസ് അടിസ്ഥാനത്തിൽ സ്ഥാപനം നടത്തുകയും അവിടെ പഠിച്ചുവരുന്ന കുട്ടികളെ പ്രസ്തുത വ്യവസായ സ്ഥാപനം തന്നെ അബ്സോർബ് ചെയ്യുകയും ചെയ്യുന്ന സമ്പ്രദായമാണിതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി യുടെ ചോദ്യത്തിന് മറുപടി നൽകി.

കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക് എന്ന കേന്ദ്ര ഗവൺമെന്റ് സ്കീമിൽനിന്നും തുക ലഭ്യമാക്കുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അവസാന ത്തിൽ ആരംഭിച്ച ഈ പുതിയ ശീർഷകത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും കേന്ദ്ര സർക്കാരിൽനിന്നും തുക ലഭ്യമാക്കുന്നതിനായി 864 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

**കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുടെ നടത്തിപ്പിനായി 419 ലക്ഷം രൂപ അധിക ധനസഹായമായി ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം**

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നൂതന യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് അച്ചടി ജോലികളും പരിശീലനവും നടത്തി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അതുവഴി സഞ്ചിത നഷ്ടം ഇല്ലാതാക്കി സെന്ററിന്റെ വരുമാനം ഉയർത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും പുതുതായി ഒരു മെഷീൻ കൂടി ആവശ്യമുണ്ടെന്നും ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല എന്നും കേന്ദ്രത്തിന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്നു സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 450 ലക്ഷം രൂപ അധിക സഹായധനമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ**

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിൽ 2013 ജൂണിൽ ക്ലാസ്സുകൾ ആരംഭിക്കത്തക്ക രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഇപ്പോൾ വകയി രുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതി വിഹിതമായി 2,000 ലക്ഷം രൂപ അധികമായി അനുവദിയ്ക്കണമെന്ന് ശുപാർശ ചെയ്തു.

**ഇലക്ട്രോണിക്സിന്റെ വികസനത്തിനായി മാനവശേഷി വികസന സ്ഥാപനം— ധനസഹായം**

ഐ.എച്ച്.ആർ.ഡി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും കോളേജു കളുടെ എണ്ണം ക്രമാതീതമാണെന്നും അതിൽ വയബിൾ ആയിട്ടുളളവ കുറവാണെന്നും ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള സ്കൂളുകളിൽ നിന്നും റിട്ടേൺ ഇല്ലെന്നും ഈ സ്ഥാപനം നഷ്ടത്തിലാണെന്നും ഡയറക്ടർ അറിയിച്ചു. ജീവന ക്കാർക്ക് പേ റിവിഷൻമൂലമുള്ള ശമ്പള വർദ്ധനവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ./ യു.ജി.സി. സ്കെയിൽ നൽകുന്നതിനും വിവിധ സ്ഥാപനങ്ങളിൽ നിന്ന് കിട്ടുന്ന കുറഞ്ഞ നിരക്കിലുള്ള ഫീസ് തികച്ചും പര്യാപ്തവുമല്ലെന്നും ഡയറക്ടർ തുടർന്നറിയിച്ചു.

ഐ.എച്ച്.ആർ.ഡി. ക്ക് കൂടുതൽ ധനസഹായം നൽകി ഐ.എച്ച്.ആർ.ഡി.യുടെ പേരിലുള്ള പ്രശസ്തി ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ട താണെന്ന് സമിതി അഭിപ്രായപ്പെടുകയും ഐ.എച്ച്.ആർ.ഡി.യുടെ വിവിധ പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനുമായി 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

**ശാസ്ത്ര സാങ്കേതിക മ്യൂസിയം**

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കോട്ടയം സെന്റർ തുടങ്ങുന്ന തിന് 50% കേന്ദ്ര സർക്കാർ ഗ്രാന്റും 50% സംസ്ഥാന വിഹിതവുമായതിനാൽ സംസ്ഥാന വിഹിതമായ 7.25 കോടി രൂപ കൂടി ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ കോട്ടയം സയൻസ് സെന്റർ സ്ഥാപിക്കുന്നതിനായി 725 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ശാസ്ത്ര അവബോധ പ്രചരണ പരിപാടി**

രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും വളരെ സ്വീകാര്യതയുള്ള ഈ പദ്ധതി രണ്ടു വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇതിന്റെ തുടർപ്രവർത്ത നങ്ങൾക്കായി 2012-13 സാമ്പത്തിക വർഷം 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി**

തുടർന്ന് ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ സി.ഡബ്ല്യു.ആർ.ഡി.എം., ഭൗമശാസ്ത്രപഠന കേന്ദ്രം, കേരള വനം ഗവേഷണ കേന്ദ്രം, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നാറ്റ്പാക്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നീ ആറ് ഗവേഷണസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ലോകപ്രശസ്തിയാർജ്ജിച്ച ഈ ഗവേഷണസ്ഥാപനങ്ങ ളിൽ കഴിഞ്ഞ പത്ത് പതിനഞ്ച് വർഷമായി പുതിയ ശാസ്ത്രജ്ഞരുടെ നിയമനങ്ങൾ നടക്കുന്നില്ലെന്നും അതിന്റെ പ്രധാനകാരണം സാമ്പത്തിക പ്രതിസന്ധിയാണെന്നും ഓരോ വർഷവും നോൺ പ്ലാൻ ബാധ്യതകൾ കൂടിവരികയാണെന്നും അതുകൊണ്ടു തന്നെ ഗവേഷണസ്ഥാപനങ്ങൾക്ക് ഗവേഷകരെ കേരളത്തിൽ നിലനിർത്താനോ ഭാവിയിൽ ഉപയോഗിക്കുവാനോ സാധിക്കുന്നില്ലെന്നും റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ട മെന്റൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, എസ്.എൻ.ബോസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ അടിസ്ഥാന ശാസ്ത്രങ്ങളിൽ ഗവേഷണം ചെയ്യാനുള്ള വളരെ പ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ടുകൾ 100 ശതമാനം ധനസഹായത്തോടെ മറ്റെല്ലാ സംസ്ഥാനങ്ങളിലു മുണ്ടെങ്കിലും കേരളത്തിൽ ഇത്തരത്തിൽ അടിസ്ഥാന ശാസ്ത്രവിഷയങ്ങൾക്ക് പരിശീലനം കൊടുക്കുന്ന ഒരു സ്ഥാപനമില്ലെന്നും അതിനാൽ ടി.ഐ.എഫ്.ആർ. മോഡലിൽ ഒരു സ്ഥാപനം തുടങ്ങുന്നത് സംബന്ധിച്ച് കഴിഞ്ഞ നയപ്രഖ്യാപന ത്തിൽ പ്രഖ്യാപിക്കുകയുണ്ടായെന്നും സയൻസ് ആന്റ് ടെക്നോളജി പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി. ഉന്നതവിദ്യാഭ്യാസ വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ

ബെയ്സിക് സയൻസസ് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും എഞ്ചിനീയറിംഗ് കോളേജുകളിൽ ബേസിക് സയൻസ് കോഴ്സുകൾ കൂടിവരുമ്പോൾ ഭാവിയിൽ അത് സയൻസ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റി ആയിമാറുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്ന് വിശദമാക്കി.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ഗവേഷണ പരിപാടി കളും ഗവേഷണ സ്ഥാപനങ്ങളും തുടങ്ങുന്നതിന്റെ ഭാഗമായി ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ്ലാന്റ് സ്റ്റഡീസ് എന്നീ സ്ഥാപനങ്ങൾ തുടങ്ങുന്ന പദ്ധതികൾക്കായി നടപ്പു വർഷം അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ രണ്ട് സ്ഥാപനങ്ങൾക്കുമായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൗൺസിലിന് പദ്ധതിയേതര ഇനത്തിൽ വർഷങ്ങളായി അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ കൗൺസിലിനു കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ വർഷങ്ങളായി ശാസ്ത്രജ്ഞരുടെ പുതിയ നിയമനം നടത്താൻ സാധിക്കുന്നില്ലായെന്ന് സമിതി മനസിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയേതര ഇനത്തിൽ 1,700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ബയോടെക്നോളജി വികസനം**

ബയോടെക്നോളജി മേഖലയിൽ ശാസ്ത്രീയ ഗവേഷണ വികസന കർമ്മ പരിപാടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സഹായിക്കാനും പുതിയ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാനും 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി യോഗം വൈകുന്നേരം 4.55-ന് പിരിഞ്ഞു.

## 2. 25-4-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി-VI (വിദ്യാഭ്യാസം)-ന്റെ യോഗം 2012 ഏപ്രിൽ 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവ ത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ്കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും പ്രത്യേക ക്ഷണി താവായ പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാല കളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും യോഗത്തിൽ സന്നിഹിതരായി രുന്നു. താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ.
2. ഡോ. കെ. ടി. ജലീൽ, ,,
3. ശ്രീ. റ്റി. വി. രാജേഷ്, ,,
4. ശ്രീ. എം. ഉമ്മർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, കൾച്ചറൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, സ്പോർട്ട്സ് വകുപ്പ്
3. ശ്രീ. അമിത് മാലിക്, ഡയറക്ടർ, സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി എസ്. ശ്രീല, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ശ്രീ. കെ. സുഗുണൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
6. ശ്രീ. എസ്. അജികുമാരൻ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
7. ശ്രീമതി പത്മിനി തോമസ്, പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ
8. ശ്രീ. പി. എസ്. അബ്ദുൾ റസാക്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ
9. ശ്രീ. ജെ. റെജി കുമാർ, ഡയറക്ടർ ഓഫ് ആർക്കൈവ്സ് & ആർക്കിയോളജി ഡിപ്പാർട്ട്മെന്റ്സ്
10. ഡോ. കെ. ഉദയവർമ്മൻ, ഡയറക്ടർ, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ്
11. ശ്രീ. ബി. മോഹനൻ, ഡയറക്ടർ, കൾച്ചറൽ ഡിപ്പാർട്ട്മെന്റ്
12. ശ്രീ. എസ്. നജുമുദ്ദീൻ, അഡീഷണൽ ഡയറക്ടർ, സ്പോർട്ട്സ് വകുപ്പ്

13. ശ്രീമതി അനിതാ ശങ്കർ, സ്റ്റേറ്റ് ലെയ്സൺ ഓഫീസർ, നാഷണൽ സർവ്വീസ് സ്കീം

14. ശ്രീമതി നിമ്മി മാത്യു, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്നിവ സംബന്ധിച്ച XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ വിവിധ ശീർഷകങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി ശുപാർശകൾ നൽകുകയും ചെയ്തു.

സംസ്ഥാനത്തെ പണി പൂർത്തിയാകാത്ത വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമിതി ചർച്ച ചെയ്യുകയും കോടികളോളം രൂപ ചെലവഴിച്ചിട്ടും പണിപൂർത്തിയാക്കാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്നും വ്യാപകമായി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിലല്ല മറിച്ച് സ്റ്റേഡിയങ്ങളുടെ നിലവാരത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

ഒരേ സമയം സ്പോർട്ട്സ് കൗൺസിലും സ്പോർട്ട്സ് ഡയറക്ടറേറ്റും സ്പോർട്സ് മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന രീതി അവസാനിപ്പിക്കുകയാണെന്നും അടിസ്ഥാനസൗകര്യവികസനം, നിർമ്മാണപ്രവർത്തനം, അറ്റകുറ്റപ്പണികൾ എന്നിവ സ്പോർട്സ് ഡയറക്ടറേറ്റിലെ എഞ്ചിനീയറിംഗ് വിഭാഗമായിരിക്കും ഇനിമുതൽ നടത്തുകയെന്നും സ്പോർട്ട്സ് കൗൺസിൽ ഇനി നിർമ്മാണപ്രവർത്തനം നടത്തുകയില്ലെന്നും നിർമ്മാണപ്രവർത്തനങ്ങളിലെ അനാവശ്യ ചെലവ് ഒഴിവാക്കി ചെലവുകുറഞ്ഞതും മികച്ച ഗുണനിലവാരമുള്ളതുമായ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതി നടപ്പാക്കിവരികയാണെന്നും യോഗ അദ്ധ്യക്ഷൻ വിശദമാക്കി. അതുപോലെ റിട്ടയേർഡ് നേവി ഉദ്യോഗസ്ഥരുടെ സൊസൈറ്റിയുമായും വിദ്യാഭ്യാസ വകുപ്പുമായും സഹകരിച്ചുകൊണ്ട് സ്പോർട്ട്സ് ഡയറക്ടറേറ്റിന്റെ കീഴിൽ ‘സ്വിം ആന്റ് സർവൈവ്’ എന്നൊരു പദ്ധതി നടപ്പാക്കിവരികയാണെന്നും പോർട്ടബിൾ സ്വിമ്മിംഗ് പൂൾ പ്രാവർത്തികമാക്കിക്കൊണ്ട് കുട്ടികളെ നീന്തൽ പഠിപ്പിക്കാനും വെള്ളത്തിൽ വീണാൽ നീന്തി രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളും ഫസ്റ്റ് എയ്ഡിനെ സംബന്ധിച്ച കാര്യങ്ങളുമാണ് ഇതിലൂടെ പഠിപ്പിക്കാനുദ്ദേശിക്കുന്നതെന്നും യോഗ അദ്ധ്യക്ഷൻ വ്യക്തമാക്കി.

വ്യക്തിഗത അടിസ്ഥാനത്തിലുള്ള വിവിധ സ്പോർട്ട്സ് അക്കാഡമികൾക്ക് നൽകുന്ന കേന്ദ്ര/സംസ്ഥാന ഗ്രാന്റ് സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. ഇത്തരം അക്കാഡമികൾ എപ്രകാരമാണ് ഈ തുക വിനിയോഗിക്കുന്നതെന്നത് സംബന്ധിച്ച് യൂട്ടിലിറ്റി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണെന്നും ഈ അക്കാഡമികൾക്ക് ഗ്രാന്റ് നൽകുന്നത് മാനദണ്ഡങ്ങൾക്കനുസൃതമായിട്ടായിരിക്കണമെന്നും അതോടൊപ്പം ഈ അക്കാഡമികൾ സമൂഹത്തിന് നൽകുന്ന പ്രയോജനം സംബന്ധിച്ച് ഒരു അക്കൗണ്ടബിലിറ്റി ഉണ്ടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾ പരിഗണിക്കുകയും അധികതുക വകയിരുത്തുന്നതു സംബന്ധിച്ച ശുപാർശകൾ അംഗീകരിക്കുകയും ചെയ്തു.

**'ഗോ ഫോർ ഗോൾഡ്' സ്കീം**

2016 ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് സ്വർണ്ണമെഡൽ ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിലെ തെരഞ്ഞെടുത്ത അത്‌ലറ്റുകളെ പരിശീലിപ്പിക്കുന്നതിന് രൂപംകൊടുത്ത 'ഗോ ഫോർ ഗോൾഡ്' പദ്ധതിക്ക് നടപ്പു വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്**

സംസ്ഥാനത്ത് നിലവിലുള്ള 1149 സർക്കസ് പെൻഷൻകാർക്ക് 1999-ൽ പരിഷ്ക്കരിച്ച നിരക്കനുസരിച്ച് പ്രതിമാസം 500 രൂപയാണ് പെൻഷൻ തുകയായി ലഭിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. സർക്കസ് പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനായുള്ള ആവശ്യം പരിഗണനയിലുള്ള സാഹചര്യത്തിൽ 65.75 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

**കേരള സ്പോർട്ട്സ് കൗൺസിൽ**

സംസ്ഥാനത്തെ കായിക വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസിനുമായി 10 കോടിയോളം രൂപ വേണ്ടിവരുമെന്നും ഈ ഇനത്തിലെ ശമ്പളേതര വിഭാഗത്തിൽ വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ, തുടങ്ങിയവയ്ക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ വിഹിതം അനുവദിച്ചിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി പദ്ധതിയേതര വിഭാഗം ഇനത്തിൽ 800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാന തുക**

2008-09 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയിച്ച കായിക താരങ്ങൾക്ക് അനുവദിച്ച ക്യാഷ് അവാർഡ് തുക ഇനിയും നൽകിയിട്ടില്ലെന്നും ആയതിലേക്ക് 5,90,87,390 രൂപ സ്പോർട്സ് കൗൺസിലിന് വേണ്ടിവരുമെന്നും സമിതി മനസിലാക്കുകയുണ്ടായി. ഇതിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമേ 177 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

**യൂത്ത് വെൽഫെയർ ബോർഡ്**

ഗ്രാമ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ-സംസ്ഥാനതലങ്ങളിലായി സംഘടിപ്പിക്കുന്ന കേരളോത്സവത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ധനസഹായം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. പഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്തുന്നതിന് പഞ്ചായത്തുകൾക്ക് തനതു ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ഉപയോഗിക്കുവാൻ അനുവാദം നൽകേണ്ടതാണെന്നുള്ള

നിർദ്ദേശം നൽകണമെന്ന് സമിതിയുടെ പ്രത്യേക ക്ഷണിതാവ് അഭിപ്രായപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിച്ചു നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും പഞ്ചായത്തിന് നൽകുന്ന തുക 10,000 രൂപ യിൽനിന്നും 15,000 രൂപ ആയി വർദ്ധിപ്പിച്ചു നൽകണമെന്നും ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് നിലവിൽ ഓണറേറിയമായി അനുവദിച്ചുവരുന്ന 1,500 രൂപ 2,500 രൂപയാക്കി വർദ്ധിപ്പിച്ചുനൽകണമെന്നും കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചുനൽകി യുവശക്തി ഫലപ്രദ മായി നടപ്പിലാക്കുവാൻ 140 ലക്ഷം രൂപ ബഡ്ജറ്റിൽ അധികമായി വകയിരുത്തണ മെന്നും ശുപാർശ ചെയ്തു.

യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ യൂത്ത് ഭവനുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന യുവ അതിഥിമന്ദിരം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ 250 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ദേവികുളം ദേശീയ സാഹസിക അക്കാഡമിയിലും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രത്തിലും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അക്കാഡമി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപയും യുവജനക്ഷേമ ബോർഡിന്റെ ജാലകം പദ്ധതി എല്ലാ ജില്ലകളിലും ഫലപ്രദ മായി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

യുവജനക്ഷേമ ബോർഡ് ആരംഭിച്ച അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പദ്ധതിക്കായി ഈ വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ വിദേശരാജ്യങ്ങളിൽ യുവജനങ്ങൾക്ക് സന്ദർശനം നടത്താനുള്ള പ്രോഗ്രാമുകൾക്കായി 100 ലക്ഷം രൂപയും യുവജനക്ഷേമ ബോർഡ്, യൂത്ത് സെന്റർ എന്നിവയുടെ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സാഹിത്യ അക്കാഡമി**

കേരള സാഹിത്യ അക്കാഡമിയുടെ നടപ്പുവർഷത്തെ വിവിധ പ്രവർത്തന ങ്ങൾക്കും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചു നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 560 ലക്ഷം രൂപയും, പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**ജവഹർ ബാലഭവൻ**

ജവഹർ ബാലഭവനുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കു കയാണെന്നും കൂടാതെ മുൻവർഷങ്ങളിലെ ഗ്രാന്റ് തുക കുടിശ്ശികയാണെന്നും ഈ

വർഷത്തെ ബഡ്ജറ്റിൽ ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്നും സമിതി മനസിലാക്കുകയുണ്ടായി. ആയതിനാൽ ബാലഭവനുകൾക്ക് കുടിശ്ശിക തീർക്കുന്നതിനും ഇപ്പോഴത്തെ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ അഞ്ച് ബാലഭവനുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**വിവിധോദ്ദേശ സാംസ്കാരിക സമുച്ചയസംഘം**

വൈലോപ്പിള്ളി സംസ്കൃതിഭവനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് സമയപരിധിയില്ലാതെ കാലാവധി നീട്ടിക്കൊടുക്കുന്നതുമൂലം വിരമിക്കൽ തീയതി കഴിഞ്ഞിട്ടും ജീവനക്കാർ അവിടെ തുടരുന്നതായി സമിതി മനസിലാക്കുകയുണ്ടായി. ആയതിനാൽ ജീവനക്കാർക്ക്  നിശ്ചിത സമയപരിധി വച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനായി വൈലോപ്പിള്ളി സംസ്കൃതിഭവന്റെ ബൈലാ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ വിപുലമായ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് മനസിലാക്കിയ സമിതി പദ്ധതിയിനത്തിൽ 162 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള ഇനത്തിലുള്ള ചെലവുകൾക്കുവേണ്ടി പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതി ഇനത്തിൽ 106 ലക്ഷം രൂപയും ശമ്പളം, വാഹനം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 620 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**കുമാരനാശാൻ ദേശീയ സാംസ്ക്കാരിക കേന്ദ്രം, തോന്നയ്ക്കൽ**

ഈ കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ആശാൻ സ്മാരക സംരക്ഷണം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കൈരളി കോഴിക്കോട്, ശ്രീ കോഴിക്കോട്, കൈരളി തൃശ്ശൂർ, ശ്രീ തൃശ്ശൂർ, കലാഭവൻ തിരുവനന്തപുരം എന്നീ തീയറ്ററുകൾ പുനരുദ്ധാരണത്തിനും റീമോഡലിംഗിനുമായി ഈ വർഷം 5 മാസത്തോളം അടച്ചിടേണ്ടതായി വരുമ്പോൾ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിനായി 300 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി ധനസഹായം**

അക്കാഡമിക്ക് പദ്ധതിയേതര ഇനത്തിലെ ശമ്പളാനുകൂല്യങ്ങൾ, വാടക, വൈദ്യുതി ചാർജ്ജ്, പെട്രോൾ തുടങ്ങിയ ചെലവുകൾക്കായി 24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള കലാമണ്ഡലം**

കേരള കലാമണ്ഡലത്തിന് യു.ജി.സി. കമ്മിറ്റി നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 8 കോടി രൂപയും അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി കണ്ടെത്തുകയുണ്ടായി. ആയതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിട നിർമ്മാണം, പുസ്തക നിർമ്മാണം, ഭാഷാനവീകരണം, പുസ്തക പ്രദർശനം തുടങ്ങിയവയ്ക്കായി 150 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക പി.എഫ്.-ലേക്ക് ലയിപ്പിക്കുന്നതിനും ശമ്പള പരിഷ്ക്കരണത്തിനുമായി പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**തിരുവനന്തപുരം ഭാരത് ഭവൻ**

ഭാരത് ഭവന്റെ നടപ്പുവർഷത്തെ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുകയും പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

**വാസ്തു വിദ്യാ ഗുരുകുലം**

ഗുരുകുലത്തിന് ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി കണ്ടെത്തി. ആയതിനാൽ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 45 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

**ഗുരുഗോപിനാഥ് നടനഗ്രാമം**

ഗുരുഗോപിനാഥ് നടനഗ്രാമത്തിന് അന്താരാഷ്ട്ര നിലവാരമുള്ള ദേശീയ നൃത്ത മ്യൂസിയം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് അനുവദിച്ചെങ്കിലും സംസ്ഥാന വിഹിതം ലഭിക്കാത്തതിനാൽ ഈ പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന് സമിതി മനസിലാക്കുകയുണ്ടായി. ആയതിനാൽ ഈ ആവശ്യത്തി

ലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 300 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 11 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**പുരാവസ്തു ഗവേഷണ വകുപ്പ്**

പുരാവസ്തു വകുപ്പിലെ ദിവസക്കൂലി ജീവനക്കാരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 25 ലക്ഷം രൂപയും പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം പ്രവർത്തിക്കുന്ന ശ്രീപാദം കൊട്ടാരത്തിന്റെ 2007 മുതൽ 2011 വരെയുള്ള നികുതി കുടിശികയും മാനന്തവാടി പഴശ്ശികുടീരം പ്രൊജക്ട് കെട്ടിടത്തിന്റെ 2006 മുതൽ 2011 വരെയുള്ള നികുതി കുടിശിക അടയ്ക്കുന്നതിന് 2.15 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**സംസ്ഥാന പുരാതന ഗ്രന്ഥശേഖരം**

സംസ്ഥാന ആർക്കൈവ്സ് വകുപ്പിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ മതിലകം രേഖകൾ, താളിയോലകൾ എന്നിവ തർജ്ജമ ചെയ്ത് ഡിജിറ്റൈസ് ചെയ്യുന്ന ജോലി ഫണ്ടിന്റെ അപര്യാപ്തതമൂലം തടസ്സപ്പെട്ടിരിക്കുകയാണെന്നും ഇത് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുണ്ടെന്നും ജില്ലാ ഹെറിറ്റേജ് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ടെന്നും അതോടൊപ്പം ആർക്കൈവ്സിലേയും ആർക്കിയോളജിയിലേയും ജീവനക്കാർ കുറച്ചുകൂടി പ്രൊഫഷണലാകേണ്ടതുണ്ടെന്നും കൂടാതെ സെൻട്രൽ ആർക്കൈവ്സ് സമിതി സന്ദർശിക്കുന്നത് ഉചിതമായിരിക്കുമെന്നും ബന്ധപ്പെട്ട സെക്രട്ടറി വിശദമാക്കുകയുണ്ടായി. ആർക്കൈവ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ സമിതി ചർച്ച ചെയ്യുകയും വകുപ്പിന്റെ വിവിധങ്ങളായ പ്രവൃത്തികൾക്കും അവയുടെ അനുബന്ധപ്രവർത്തനങ്ങൾക്കുമായി അനുവദിച്ചിട്ടുള്ള 145 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും വകുപ്പിന് പദ്ധതി ഇനത്തിൽ 66 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

**നിർദ്ധനരായ കലാകാരൻമാർക്കുള്ള സഹായം**

കലാകാര പെൻഷൻ 550 രൂപയിൽനിന്നും 1,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുള്ള സാഹചര്യത്തിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. മുന്നൂറിൽപരം പുതിയ അപേക്ഷകർക്കുൾപ്പെടെ കലാകാരന്മാരുടെ പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനായി 169.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം-വെള്ളക്കരം**

മ്യൂസിയം മൃഗശാലവകുപ്പിൽ മൃഗങ്ങളുടെ പരിപാലനത്തിനും പൂന്തോട്ടത്തിലെ ആവശ്യത്തിനും മറ്റുമായി ജലത്തിന്റെ ഉപയോഗം വളരെ കൂടുതലാണ്. ഈയിനത്തിൽ വാട്ടർ അതോറിറ്റിക്ക് 1,52,41,217 രൂപ കുടിശ്ശികയുള്ളതായി സമിതി

മനസിലാക്കി. ആയതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്കുപുറമെ കുടിശ്ശിക തീർപ്പാക്കാൻ 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്തു.

**പൈതൃക പഠനകേന്ദ്രം**

ഈ പഠനകേന്ദ്രത്തിലെ പദ്ധതിയിനത്തിലെ ചെലവുകൾക്കും, പദ്ധതി യേതര ചെലവുകൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 421.69 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

**സംഗീത നാടക അക്കാഡമി**

കേരള സംഗീത നാടക അക്കാഡമിയുടെ നടപ്പുവർഷത്തെ പദ്ധതികൾക്കും പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപയും അക്കാഡമിയുടെ സുവർണ്ണ ജൂബിലി ഉപഹാരമെന്ന നിലയിൽ ഓരോ വർഷവും ഇന്റർനാഷണൽ തീയറ്റർ ഫെസ്റ്റിവൽ ഓഫ് കേരള എന്ന പേരിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന്റെ നടത്തിപ്പിനായി പ്രത്യേകമായി ഒരു കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകുന്ന സാഹചര്യങ്ങളിൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക 214.48 ലക്ഷം രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടു ണ്ടെന്ന് സമിതി മനസ്സിലാക്കുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾ പ്രാവർത്തികമാക്കു ന്നതിനായി പദ്ധതിയിനത്തിൽ 150 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 300 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

**സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം**

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള അനാവർത്തന ധനസഹായം ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പ്രമുഖരായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും ഉചിതമായ സ്മാരക ങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ പദ്ധതിയിനത്തിലും 5 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**നാടൻകല അക്കാഡമി**

കേരള ഫോക്‌ലോർ അക്കാഡമിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതി യേതര ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപയും കൂടാതെ കൊടക്കാട് കണ്ണപെരുവണ്ണാൻ സ്മാരക തെയ്യം കലാഗ്രാമം തുടങ്ങുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്ത ണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി**

വായനശീലം വളർത്തിയെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ നടപ്പുവർഷത്തെ പദ്ധതികളായ പുതിയ ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മിക്കുന്ന തിനും ജില്ലാ/താലൂക്ക് പുസ്തകമേള നടത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക, അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 133 ലക്ഷം രൂപ അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതിയോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

## 3. 8-5-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി-VI (വിദ്യാഭ്യാസം)-ന്റെ യോഗം 2012 മേയ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വനവും സ്പോർട്ട്സും സിനിമയും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ്കുമാറും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ഡോ. കെ. ടി. ജലീൽ, എം. എൽ. എ
2. ശ്രീ. ജോസഫ് വാഴയ്ക്കൻ, „
3. ശ്രീ. റ്റി. വി. രാജേഷ്, „
4. ശ്രീ. എം. ഉമ്മർ, „

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

സമിതി സബ്ജക്റ്റ് കമ്മിറ്റി-VI (വിദ്യാഭ്യാസം)-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട്, 2011-2012 സാമ്പത്തികവർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും രണ്ടാമത് റിപ്പോർട്ടിന്റെ കരട് താഴെപ്പറയുന്ന ഭേദഗതിയോടെയും പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 10 : 'പൊതുവിദ്യാഭ്യാസ വകുപ്പിലെ നിരവധി ഓഫീസുകൾ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കുടിശ്ശികയിനത്തിൽ 60 ലക്ഷം രൂപ ഇനിയും നൽകേണ്ടതായിട്ടുണ്ട്. ഇതിലേക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.'

സമിതി രാവിലെ 11.50-ന് യോഗം പിരിഞ്ഞു.

## 4. 12-6-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ യോഗം 2012 ജൂൺ 12 ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.30-ന് നിയമസഭാ കോംപ്ലക്സിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. എം. എ. ബേബി, എം.എൽ.എ.
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, ,,
3. ശ്രീ. ജോസഫ് വാഴക്കൻ, ,,
4. ശ്രീ. റ്റി. വി. രാജേഷ്, ,,
5. ശ്രീ. ഷാഫി പറമ്പിൽ, ,,
6. ശ്രീ. എം. ഉമ്മർ, ,,
7. ശ്രീ. പി. സി. വിഷ്ണുനാഥ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സി. പി. രാമരാജ പ്രേമപ്രസാദ്, നിയമവകുപ്പ് സെക്രട്ടറി.
2. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എസ്. അജികുമാരൻ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

സമിതി 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുരുക്കപ്പേരിലെ "രണ്ടാം" എന്ന വാക്ക് ഒഴിവാക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് സമിതി 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

ശ്രീ. എം. എ. ബേബി, എം.എൽ.എ., ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ. എന്നീ അംഗങ്ങൾ ബില്ലുകളിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതി യോഗം ഉച്ചയ്ക്ക് 1.00 മണിക്ക് പിരിഞ്ഞു.

## 5. 17-7-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം) 2012 ജൂലൈ 17-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.20 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. എ. ബേബി, എം.എൽ.എ.
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, ,,
3. ശ്രീ. ജോസഫ് വാഴക്കൻ, ,,
4. ശ്രീ. റ്റി. വി. രാജേഷ്, ,,
5. ശ്രീ. ഷാഫി പറമ്പിൽ, ,,
6. ശ്രീ. എം. ഉമ്മർ, ,,
7. ശ്രീ. പി. സി. വിഷ്ണുനാഥ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസവും കായികക്ഷേമവും വകുപ്പ്
3. ശ്രീ. അമിത് മാലിക്, കായികയുവജനകാര്യ ഡയറക്ടർ
4. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
5. ഡോ. കെ. ഉദയവർമ്മൻ, ഡയറക്ടർ, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ്.
6. ശ്രീ. ബി. മോഹനൻ, സാംസ്കാരികകാര്യ വകുപ്പ് ഡയറക്ടർ
7. ശ്രീമതി ബി. എസ്. പവനകുമാരി, ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
8. ശ്രീ. എ. സലീം, ജോയിന്റ് സെക്രട്ടറി, ശാസ്ത്ര-സാങ്കേതിക വകുപ്പ്
9. ഡോ. വിളക്കുടി രാജേന്ദ്രൻ, മെമ്പർ സെക്രട്ടറി വൈലോപ്പിള്ളി സംസ്കൃതി ഭവൻ
10. ശ്രീ. പി. എസ്. അബ്ദുൾ റസാക്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

The Kerala Education (Amendment) Rules, 2011

(File No.2265/Sub.C.E1/2012/Leg.)

(Ref. No.42248/J3/G.Edn. Dated 12-4-2012)

ചട്ടം 1 (1)-ൽ The Kerala Education (Amendment) Rules, 2011 എന്നത് Kerala Education (Amendment) Rules, 2012 എന്ന് മാറ്റണം.

തുടർന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള കുറിപ്പുകൾ സമിതി പരിഗണിച്ചു :

1. ഡയറ്റിലെ ആർട്ട്, ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച്.

(ഫ. നം. 1292/സബ്.സി.ഇ1/2012/ലെജി.)

(റഫ. നം. 7390/ഡി3/2010/പൊവി. തീയതി 25-2-2012)

പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2003-ൽ സമിതി നിർദ്ദേശിച്ച ഭേദഗതി ഉൾപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫ.നം. 9011/സബ്.സി.ഇ1/2003/ലെജി)

(റഫ.നം. 55354/ജെ1/2002/പൊവി. തീയതി 16-2-2004)

മേൽ വിഷയം സംബന്ധിച്ച 16-4-2005-ലെ ജി.ഒ.(പി)121/05/ പൊവി. പ്രകാരമുള്ള എസ്.ആർ.ഒ. (നം. 403/05) ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പുകൾ സബ്ജക്റ്റ് കമ്മിറ്റിക്ക് 28-9-2005-ലെ 31813/ജെ1/04/പൊവി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കുകയും 8-3-2006-ലെ സമിതി യോഗം ആയത് അംഗീകരിച്ചതായി 19-5-2006-ലെ 14593/സബ്.സി.ഇ1/05/ലെജി. നമ്പർ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുള്ളതായി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

3. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോടും എറണാകുളത്തും സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ്സെന്ററുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച സർക്കാർ റിപ്പോർട്ട്

(ഫ.നം. 12607/സബ്.സി.ഇ1/2008/ലെജി.)

(റഫ.നം. 2123/എൽ1/2008/ഉ.വി.വ. തീയതി 7-2-2012)

കോഴിക്കോട് സിവിൽ സർവ്വീസ് അക്കാഡമിക്കുവേണ്ടി ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ പരിഗണനയിലാണെന്നും അതിൽ ലീസിനുള്ള പ്രൊപ്പോസൽ സഹിതം സർക്കാരിലേക്ക് അയയ്ക്കുന്നതാണെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തുടർന്ന് സമിതിയുടെ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും വിശദമായി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-2006)
   (ഫ.നം. 7440/സബ്.സി.ഇ1/2005/ലെജി)
   ഖണ്ഡിക 3, 8 (പൊതുവിദ്യാഭ്യാസ വകുപ്പ്)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-2007)
   (ഫ.നം. 12176/സബ്.സി.ഇ1/2006/ലെജി)
   ഖണ്ഡിക 4, 5, 7, 13 (പൊതുവിദ്യാഭ്യാസ വകുപ്പ്)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-2008)
   (ഫ.നം. 13523/സബ്.സി.ഇ1/2007/ലെജി)
   ഖണ്ഡിക 30 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)
   ഖണ്ഡിക 48 (കായികയുവജനകാര്യ വകുപ്പ്)

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)
   (ഫ.നം. 15475/സബ്.സി.ഇ1/2008/ലെജി)
   ഖണ്ഡിക 69 (കായികയുവജനകാര്യ വകുപ്പ്)

5. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)
   (ഫ.നം. 15676/സബ്.സി.ഇ1/2009/ലെജി)
   ഖണ്ഡിക 78 (സാംസ്ക്കാരികകാര്യ വകുപ്പ്)
   86 (കായികയുവജനകാര്യ വകുപ്പ്)

6. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)
   (ഫ.നം. 5230/സബ്.സി.ഇ1/2011/ലെജി)
   ഖണ്ഡിക 28, 29, 30, 36, 37 (ഉന്നതവിദ്യാഭ്യാസ വകുപ്പ്)
   53, 57 (സാംസ്കാരികകാര്യ വകുപ്പ്)

7. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)
   (ഫ.നം. 4888/സബ്.സി.ഇ1/2011/ലെജി)
   ഖണ്ഡിക 2 (പൊതുവിദ്യാഭ്യാസ വകുപ്പ്)
   10, 11, 12, 13, 14, 15, 16, 18, 27, 28, 32, 33 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)
   38, 39 (കായികയുവജനകാര്യ വകുപ്പ്)
   46, 53, 58, 59, 60, 61, 62 (സാംസ്കാരികകാര്യ വകുപ്പ്).

കായികയുവജനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവേ, നാഷണൽ ഗെയിംസ് നടത്തിപ്പിനുവേണ്ടിയുള്ള ഗെയിംസ് വില്ലേജ് പ്രീ ഫാബ് ടെക്നോളജി പ്രകാരം നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും അവയുടെ നിർമ്മാണം നടത്തുന്നതിനായി നാല് കമ്പനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും പ്രസ്തുത നാല് കമ്പനികൾ നിർമ്മിക്കുന്ന മോക്ക് യൂണിറ്റുകളുടെ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ ഏറ്റവും

നല്ല കമ്പനിയെ തെരഞ്ഞെടുത്ത് നിർമ്മാണ ചുമതല നൽകുന്നതായിരിക്കുമെന്നും ഒരു മോക്ക് യൂണിറ്റ് സെൻട്രൽ സ്റ്റേഡിയത്തിൽ പൂർത്തിയായെന്നും മറ്റുള്ളവ കല്ലാർ, കോട്ടൂർ, തിരുവല്ലം എന്നിവിടങ്ങളിലായി നിർമ്മാണം പുരോഗമിക്കുകയാണെന്നും ഇതിനുവേണ്ടി ഉപയോഗിക്കുന്ന മെറ്റീരിയൽ 15-20 വർഷം വരെ കാലാവധി യുള്ളതും പുനരുപയോഗത്തിന് സാധ്യമാകുന്നതും പരിസ്ഥിതി സൗഹൃദമായിട്ടുള്ള തുമാണെന്നും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി വിശദമാക്കുകയുണ്ടായി. കൂടാതെ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവർക്ക് സമ്മാന ഇനത്തിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന 2006 മുതലുള്ള കുടിശ്ശിക തുകയായ 5 കോടി 74 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞുവെന്നും അദ്ദേഹം സമിതിയിൽ വെളിപ്പെടുത്തി.

സമിതിയുടെ 15-2-2012-ൽ ചേർന്ന യോഗം സർക്കാരിന്റെ കരട് സ്പോർട്സ് നയം 2012 ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി നിർദ്ദേശ പ്രകാരം തയ്യാറാക്കിയിട്ടുള്ള കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനായി 23-7-2012-ന് സഭ പിരിഞ്ഞശേഷം യോഗം ചേരാനും പ്രസ്തുത റിപ്പോർട്ട് നടപ്പ് സമ്മേളനത്തിൽതന്നെ സഭയിൽ സമർപ്പിക്കാനും സമിതി തീരുമാനിച്ചു.

തുടർന്ന് 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശുപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണി ക്കവേ സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. ഉച്ചഭക്ഷണ പരിപാടിയുടെ നിലവിലുള്ള നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉച്ചഭക്ഷണത്തിനുവേണ്ട എല്ലാ സാധനങ്ങളും സ്കൂളുകളിൽ നേരിട്ട് എത്തിച്ചുകൊടുക്കുന്ന നിലവിലെ രീതി മാറ്റി അരിമാത്രം നേരിട്ട് എത്തിക്കുകയും ബാക്കി സാധനങ്ങൾ എൽ.പി., യു.പി. സ്കൂളുകളിലെ കുട്ടികളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിക്ക് ഒരു ദിവസം എത്ര രൂപ ചെലവ് വരുമെന്നു കണക്കാക്കി അതനുസരിച്ചുള്ള തുക പി.റ്റി.എ.-യ്ക്ക് നൽകാനു മാണ് തീരുമാനിച്ചിരിക്കുന്നതെന്നും മുമ്പ് എല്ലാ ദിവസവും കഞ്ഞിയും പയറും മാത്രം നൽകി വന്നിരുന്ന രീതിക്ക് പകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ.മാരുടേയും എം.പി.മാരുടേയും സഹകരണത്തോടുകൂടിയും പ്രാദേശിക മായ വിഭവസമാഹരണം നടത്തിയും കൂടുതൽ പോഷക സമൃദ്ധവും രുചികരവുമായ ഭക്ഷണ പദ്ധതി നടപ്പാക്കുന്ന രീതി തുടങ്ങി കഴിഞ്ഞെന്നും സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും ഇതു നടപ്പിലാക്കു ന്നത് സംബന്ധിച്ച ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതിയുള്ളതിനാൽ അവരെ ബോധവത്കരിക്കുന്നതിനും മികച്ച രീതിയിൽ ഭക്ഷണം തയ്യാറാക്കി നൽകുന്നവർക്ക് പ്രത്യേക അവാർഡ് കൊടുക്കുമെന്ന് പ്രചരണം നടത്തുവാനും തീരുമാനിച്ചിട്ടു ണ്ടെന്നും ബഹു. സമിതി ചെയർമാനും ഉന്നതവിദ്യാഭ്യാസ വകുപ്പുസെക്രട്ടറിയും സമിതിയിൽ വിശദമാക്കി. കൂടാതെ കുട്ടികളുടെ എണ്ണം കണക്കാക്കി വിതരണം ചെയ്യുന്നതിനാൽ കുട്ടികളുടെ എണ്ണത്തിലും പ്രവൃത്തി ദിവസങ്ങളിലും വരുന്ന കുറവുമൂലം അത്രയും അരിയും പണവും ഫലപ്രദമായി ഉപയോഗിക്കുവാൻ സാധി ക്കുമെന്നും സമിതിയുടെ ചോദ്യത്തിനുള്ള മറുപടിയായി ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി.

തുടർന്ന് 2011-12-ലെ ഒന്നാമത് റിപ്പോർട്ടിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട 10, 11, 12, 13, 15, 16, 27, 28 എന്നീ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ പരിഗണനാവേളയിൽ സർവ്വകലാശാലകൾക്ക് പെർഫോർമൻസുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഗാഡ്ഗിൽ ഫോർമുലയുടെ മാതൃകയിൽ സർക്കാർ സഹായം സ്ഥിരമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് രൂപീകരിച്ച മുൻധനകാര്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നത് ഗുണകരമായിരിക്കുമെന്ന് സമിതി അംഗം അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ രവീന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ടിൻമേൽ സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സബ് കമ്മിറ്റി ശുപാർശ നൽകുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ നോൺ പ്ലാൻ ഫണ്ട് യൂണിവേഴ്സിറ്റികൾക്ക് റീ ആക്ടിവേറ്റ് ചെയ്തുകൊടുക്കുന്ന നടപടി നിലവിലുണ്ടെന്നും ഇപ്പോൾ 35 കോടി രൂപ യൂണിവേഴ്സിറ്റികൾക്ക് വിതരണം ചെയ്യുന്നതിനായി നീക്കിവച്ചിട്ടുണ്ടെന്നും കൂടാതെ ഇ-ഗവേണൻസ് പൂർണ്ണമായി നടപ്പാക്കിവരുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നുണ്ടെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. 2010-11-ൽ യൂണിവേഴ്സിറ്റികൾക്ക് 20.5 ശതമാനവും 2011-12-ൽ 29 ശതമാനവും അധിക തുക നൽകാൻ സാധിച്ചിട്ടുണ്ടെന്നും കൂടാതെ യു.ജി.സി.യിൽ നിന്നും കുടിശ്ശിക ഇനത്തിലുള്ള 150 കോടി രൂപ ലഭിക്കുന്ന മുറയ്ക്ക് ആയത് യൂണിവേഴ്സിറ്റികൾക്ക് വിഭജിച്ചു നൽകാനുള്ള നടപടി സ്വീകരിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്ന് വ്യക്തമാക്കി.

2011-12-ലെ ഒന്നാമത് റിപ്പോർട്ടിലെ ചരിത്ര ഗവേഷണ കൗൺസിലുമായി ബന്ധപ്പെട്ട 18-ാം ഖണ്ഡികയിലെ ശുപാർശയിൻമേലുള്ള മറുപടി പരിഗണിക്കവേ മുസിരിസ് പട്ടണത്തിൽ കൗൺസിൽ നടത്തിയ എക്സ്കവേഷനുമായി ബന്ധപ്പെട്ട് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ആർക്കിയോളജി വിഭാഗവുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടുള്ള പ്രവൃത്തി ഉൾപ്പെടെ ലോകശ്രദ്ധയാകർഷിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്ന കേരള ചരിത്ര ഗവേഷണ കൗൺസിലിന് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം സർക്കാരിൽനിന്നുണ്ടാകണമെന്ന് സമിതി അഭിപ്രായം രേഖപ്പെടുത്തുകയും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 38, 39 ശുപാർശകളിൻമേലുള്ള റിപ്പോർട്ടിന്റെ പരിഗണനാവേളയിൽ കേരളോത്സവ നടത്തിപ്പിന് ഗ്രാമതലത്തിൽ 15,000 രൂപയായും ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ 30,000 രൂപയായും ജില്ലാ പഞ്ചായത്ത് തലത്തിൽ 1,00,000 രൂപയായും സംസ്ഥാന തലത്തിൽ 10,00,000 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടെന്നും കൂടാതെ കേരളോത്സവത്തിലെ വിജയികൾക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ ഗ്രേസ്മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് പി.എസ്.സി.യുമായി ചർച്ച നടത്തിവരികയാണെന്നും കായികയുവജനകാര്യ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

തുടർന്ന് 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൻമേൽ ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ ഒന്നാമത് റിപ്പോർട്ടിൻമേൽ മറുപടി ലഭ്യമാക്കുവാൻ ബാക്കിയുള്ള ശുപാർശകളിൻമേൽ 2012 ജൂലൈ 21-ാം തീയതി വരെ ലഭിക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ കൂടി ഉൾപ്പെടുത്താൻ തീരുമാനിക്കുകയും കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 23-7-2012-ന് സഭ പിരിഞ്ഞശേഷം നിയമസഭാ കോംപ്ലക്സിൽ വച്ച് ചേരാൻ തീരുമാനിച്ചു.

വൈകുന്നേരം 4.30 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 6. 23-7-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം) 2012 ജൂലൈ 23-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 3.45 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
2. ശ്രീ. റ്റി. വി. രാജേഷ്, „
3. ശ്രീ. ഷാഫി പറമ്പിൽ, „
4. ശ്രീ. പി. സി. വിഷ്ണുനാഥ്, „

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

സമിതി കരട് സ്പോർട്സ് നയം-2012 സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 11-ാം ഖണ്ഡികയിൽ പതിനഞ്ചാമത്തെ വരിയിൽ 'കായികക്ഷമതയിലുള്ള' എന്ന വാക്കിനുപകരം 'കായികരംഗത്തെ' എന്ന വാക്ക് ചേർക്കാൻ തീരുമാനിച്ചു.

13-ാം ഖണ്ഡികയിൽ ആറാമത്തെ വരിയിൽ 'പരിശീലകരെ കോൺട്രാക്ട് വ്യവസ്ഥയിലോ' എന്നത് "പരിശീലകരെ സ്ഥിരം നിയമനത്തിലൂടെയോ/കോൺട്രാക്ട് വ്യവസ്ഥയിലോ" എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

16-ാം ഖണ്ഡികയിൽ എട്ടാമത്തെ വരിയിലെ 'അഭിപ്രായപ്പെടുന്നു' എന്ന വാക്കിനുപകരം 'ശുപാർശ ചെയ്യുന്നു' എന്ന് മാറ്റം വരുത്താനും പ്രസ്തുത ഖണ്ഡികയിലെ തുടർന്നുവരുന്ന ഭാഗം അടുത്ത ശുപാർശയായി പരിഗണിച്ച് ഖണ്ഡികകൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചു.

19-ാം ഖണ്ഡികയിൽ പത്താമത്തെ വരിയിലെ '4 വർഷത്തെ കുടിശ്ശികയായ' എന്നതുമുതൽ 'ശുപാർശ ചെയ്യുന്നു' എന്നതുവരെയുള്ള ഭാഗം ഒഴിവാക്കാനും പകരം താഴെപ്പറയും പ്രകാരം ചേർക്കാനും തീരുമാനിച്ചു :

> 'നൽകുവാനുള്ള തുക പലപ്പോഴും കുടിശ്ശികയാകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ കായിക താരങ്ങൾക്ക് സമ്മാന ഇനത്തിൽ നൽകേണ്ട തുക അതാത് വർഷം തന്നെ കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.'

സമിതി വൈകുന്നേരം 4.45-ന് യോഗം പിരിഞ്ഞു.

## 7. 17-10-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2012 ഒക്ടോബർ 17-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
2. ശ്രീ. റ്റി. വി. രാജേഷ്, ,,
3. ശ്രീ. എം. ഉമ്മർ, ,,
4. ശ്രീ. പി. സി. വിഷ്ണുനാഥ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. റ്റി. ജെ. മാത്യു, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, ഡി.പി.ഐ.

4. ശ്രീമതി എം. എസ്. ജയ, ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
5. ശ്രീമതി എസ്. ലളിതാംബിക, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6. ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യ ക്ഷേമ വകുപ്പ്
7. ശ്രീ. ആർ. മധുസൂദനൻ നായർ, അഡീഷണൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗത്തിൽ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ വിശദമായ കുറിപ്പുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും ചെയ്തു.

വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലൂടെ സർക്കാർ കടന്നുപോകുകയാണെന്നും ഇക്കാര്യത്തിൽ ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്നും വിദ്യാഭ്യാസ വകുപ്പിനുപുറമേ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് പൊതു ചർച്ച നടത്തുക എന്നതാണ് ഇന്നത്തെ യോഗത്തിന്റെ ഉദ്ദേശ്യ മെന്നും ബഹു. സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു. കേരളത്തിന്റെ സാഹചര്യത്തിൽ വിദ്യാഭ്യാസ അവകാശ നിയമത്തിലെ എല്ലാ വ്യവസ്ഥകളും അതേപടി നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ഘടനാപരമായ മാറ്റം നടപ്പാക്കുമ്പോൾ ഒരു ഭാഗത്ത് ക്ലാസുകൾ ഇല്ലാതാകുമ്പോഴുണ്ടാകുന്ന ഒഴിവു കളും മറുഭാഗത്ത് ഇതുമൂലം ഉണ്ടാകുന്ന അദ്ധ്യാപകരുടെ വർദ്ധനവും 'നോഷണൽ ഷിഫ്റ്റ്' എന്ന രീതിയിലാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്നും സ്കൂൾ മാപ്പിംഗും യു.ഐ.ഡി.യും പൂർത്തിയായാൽ മാത്രമേ അദ്ധ്യാപകരുടെ റേഷ്യോ പരിഹരിച്ച് പുതിയ സ്കൂളുകൾ ആരംഭിക്കേണ്ടതുണ്ടോയെന്ന തീരുമാനം എടുക്കാൻ കഴിയുക യുള്ളൂവെന്നും അതോടൊപ്പം പ്രീ-പ്രൈമറി വിദ്യാഭ്യാസം വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ടതല്ലെങ്കിലും പ്രീ-പ്രൈമറി ടീച്ചേഴ്സിന് ശമ്പളം നൽകുന്നത് സംബന്ധിച്ചുള്ള കോടതിവിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കേണ്ടതു ണ്ടെന്നും ബഹു. സമിതി ചെയർമാൻ പറഞ്ഞു.

പ്രീ-പ്രൈമറി അദ്ധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി.

കേരളത്തിൽ 35 സ്കൂളുകളിൽ 1980-ൽ പ്രീ-പ്രൈമറി അദ്ധ്യാപകരെ പരീക്ഷണാടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിച്ചെങ്കിലും പ്രീ-പ്രൈമറി വ്യാപകമാക്കുന്നത് അംഗനവാടികളുടെ നിലനിൽപ്പിനെ ബാധിക്കുമെന്ന സ്ഥിതി വന്നപ്പോൾ പ്രീ-പ്രൈമറി 35 സ്കൂളുകളിൽ പരിമിത പ്പെടുത്തി. അംഗനവാടികൾക്ക് ഐ.സി.ഡി.എസ്. പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട്

ലഭിക്കുന്നതുകൊണ്ട് അംഗനവാടികൾ ശക്തിപ്പെടുത്തുന്നതിന് മുൻഗണന നൽകി. എന്നാൽ അൺഎയ്ഡഡ് സ്കൂളുകളും സി.ബി.എസ്.ഇ. സ്കൂളുകളും വ്യാപക മാകുകയും അവയിൽ എൽ.കെ.ജി., യു.കെ.ജി. സംവിധാനം വരികയും ചെയ്ത സാഹചര്യത്തിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്നും മറ്റ് മേഖലകളി ലേക്കുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനായി പ്രാദേശികതല ത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പി.റ്റി.എ. കൾ ഇതിനായി മുന്നോട്ടുവരികയും സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ സർക്കാർ അവർക്ക് അനുവാദം നൽകുകയും ചെയ്തു. പി.റ്റി.എ.കൾ നിശ്ചിത തുക കുട്ടിക ളിൽനിന്നും പിരിച്ചെടുത്താണ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് എന്നാൽ സർക്കാർ ഓണറേറിയമായി പ്രീ-പ്രൈമറി ടീച്ചേഴ്സിന് 300 രൂപയും ആയമാർക്ക് 200 രൂപയും നൽകിവരുന്നുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ ഇത് ഇരട്ടിയായി വർദ്ധിപ്പിക്കു കയും ചെയ്തു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ ഒരു തരത്തിലുള്ള ഫീസും ഈടാക്കാൻ പാടില്ല എന്നുള്ളപ്പോൾ പ്രീ-പ്രൈമറിയിൽ ഫീസ് പിരിക്കുന്നത് ശരിയല്ലെന്നും അത് ഒഴിവാക്കി ശമ്പളം സർക്കാർ നൽകണമെന്നും പ്രീ-പ്രൈമറി അദ്ധ്യാപകർ ആവശ്യമുന്നയിച്ചു. എന്നാൽ സർക്കാരിന്റെ നേതൃത്വത്തിൽ പ്രീ-പ്രൈമറി മേഖലയിൽ പ്രവർത്തിക്കുന്ന വരുടെ ഒരു യോഗം വിളിച്ചപ്പോൾ അവരുടെ നിയമനം, യോഗ്യത, വയസ് എന്നിവ സംബന്ധിച്ച് വ്യക്തതയില്ലെന്ന് മനസ്സിലാക്കുകയുണ്ടായി. പി.റ്റി.എ.കൾ നിയമിച്ച പ്രീ-പ്രൈമറി അദ്ധ്യാപകരിൽ ഏറെയും അംഗീകാരമില്ലാത്ത കോഴ്സുകൾ പാസായവരാണ്. വയസ്, സാമുദായിക സംവരണം എന്നിവയൊന്നും പാലിക്കാതെ യാണ് അവരെ നിയമിച്ചിട്ടുള്ളത്. ആയതിനാൽ അർദ്ധസർക്കാർ ജീവനക്കാരായി അവരെ പരിഗണിക്കാൻ കഴിയില്ല. അതുകൊണ്ട് അംഗനവാടികളെകൂടി പരിഗണിച്ചു കൊണ്ട് പ്രീ-പ്രൈമറി വിദ്യാഭ്യാസം എങ്ങനെ ഒന്നിച്ച് നടത്താൻ കഴിയുമെന്നുള്ള കാര്യം പരിശോധിക്കാൻ സാമൂഹ്യക്ഷേമ വകുപ്പിനെയും വിദ്യാഭ്യാസ വകുപ്പിനെയും ചുമതലപ്പെടുത്തി. അവരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 100 കുട്ടികളിൽ കൂടുതലുള്ള എൽ.പി.സ്കൂളുകളിൽ പ്രീ-പ്രൈമറി ഉൾപ്പെടുത്താനും ആ വാർഡിലെ അംഗനവാടി പ്രീ-പ്രൈമറിയിലേക്ക് മാറ്റാമെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനിടയ്ക്കാണ് പ്രീ-പ്രൈമറി ടീച്ചേഴ്സിന് സർക്കാർ ശമ്പളം കൊടുക്കണ മെന്ന കോടതിവിധി വന്നത്. സർക്കാർ നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ 2635 അദ്ധ്യാപകരും 1535 ആയമാരുമാണുള്ളത്. അതിൽ ശരിയായ യോഗ്യതയുള്ളവർ ആയിരത്തിനടുത്ത് മാത്രമാണുള്ളത്. ഇവരുടെ സാമൂഹ്യാവസ്ഥ മെച്ചപ്പെട്ടതല്ലാത്ത തിനാൽ ഇവർക്ക് സഹായം നൽകേണ്ടതാണ്. സർക്കാർ സ്കൂളുകളിൽ ഉള്ളതിന്റെ മൂന്നിരട്ടി പ്രീ-പ്രൈമറി അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലുമുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള അംഗനവാടികൾ പ്രീ-പ്രൈമറിയിലേക്ക് മാറ്റിക്കൂടേയെന്ന് സമിതി ആരായുകയുണ്ടായി. ഒരു സ്കൂളിൽ ക്ലാസ്സ് മുറി ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ആ വാർഡിലുള്ള അംഗനവാടി ഒഴിഞ്ഞ ക്ലാസ്സ് മുറിയിലേക്ക് മാറ്റാവുന്നതാണെന്നും നൂറ് കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിൽ പ്രീ-പ്രൈമറി ആരംഭിക്കുമെന്നും എന്നാൽ 'അൺഎക്കണോമിക്' ആയിട്ടുള്ള സ്കൂളുകളിലേക്ക് അവിടത്തെ അംഗനവാടി മാറ്റിയാൽ മതിയെന്നും അൺ എക്കണോമിക് സ്കൂളുകളിൽ പ്രീ-പ്രൈമറി ആരംഭിക്കേണ്ടതില്ലെന്നും വലിയ

സ്കൂളുകളിൽ പ്രീ-പ്രൈമറിയും അംഗനവാടിയും ഒരുമിച്ച് ചേർത്തുകൊണ്ട് പ്രോപ്പർ പ്രീ-പ്രൈമറി കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അതിനൊരു ഗൈഡ്‌ലൈൻ ഉണ്ടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച് മേൽനോട്ടം വഹിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

ബധിര-മൂക സ്കൂളുകൾ എയ്ഡഡ് ആക്കുവാനുള്ള തീരുമാനം സംബന്ധിച്ച് സമിതി ആരാഞ്ഞു. പന്ത്രണ്ട് സ്കൂളുകൾ എയ്ഡഡ് ആക്കിയിട്ടുണ്ടെന്നും രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരം 256 സ്കൂളുകളുണ്ടെന്നും ഇത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽനിന്നും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായിട്ട് ആറേഴുവർഷമേ ആയിട്ടുള്ളൂ വെന്നും ഇതൊരു കെയർ ഹോമാണെന്നും നിശ്ചിതമായ സിലബസോ അദ്ധ്യാപകർ ആരായിരിക്കണമെന്നോ ധാരണയില്ലെന്നും വിദ്യാഭ്യാസ അവകാശനിയമത്തിന്റെ അടിസ്ഥാനത്തിൽ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ ഏതുകുട്ടിക്കും ഏത് സ്കൂളിലും പോയി പഠിക്കാമെന്നും ബധിരമൂകരും മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ പോകാൻ അവസരമൊരുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അവർക്കായി റിസോഴ്സ് ടീച്ചേഴ്സ് ഉണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ആദിവാസി മേഖലകളിലുള്ള മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളായ ബദൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. ബദൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് മൂവായിരം രൂപ കേന്ദ്ര ഫണ്ടിനത്തിൽ നൽകിവന്നിരുന്നുവെന്നും എന്നാൽ കഴിഞ്ഞ വർഷം മുതൽ കേന്ദ്രസഹായം നിർത്ത ലാക്കിയപ്പോൾ സംസ്ഥാന സർക്കാർ തുടർന്നും ഈ തുക നൽകുകയാണെന്നും വിദ്യാഭ്യാസ അവകാശനിയമം പൂർണ്ണമായി നടപ്പിലാക്കുമ്പോൾ ഇത്തരം സ്കൂളുകൾ ഇല്ലാതാകുമെന്നും സ്ഥലസൗകര്യമുള്ളയിടങ്ങളിൽ എൽ.പി. സ്കൂളുകളാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി. തുടർന്ന് 196 എൽ.പി. സ്കൂളുകൾ ആരംഭിക്കാൻ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയ 94 ഭിന്നതല സ്കൂളുകൾ ഉടൻതന്നെ എൽ.പി. സ്കൂളുകളാക്കി മാറ്റാമെന്നും എൽ.പി. സ്കൂളുകളിൽ പി.എസ്.സി. വഴിയുള്ള നിയമനമാണ് നടത്തേണ്ടതെന്നും എന്നാൽ നിശ്ചിത യോഗ്യത യില്ലെങ്കിലും ആദിവാസി മേഖലകളിൽ വർഷങ്ങളായി ജോലി ചെയ്യുന്ന വിഭാഗമെന്ന നിലയിൽ ബദൽ സ്കൂൾ അദ്ധ്യാപകർക്ക് മാന്യമായ പരിഗണന കൊടുക്കേണ്ടതുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

405 മൾട്ടി ലേണിംഗ് സെന്ററുകളാണ് ആകെയുള്ളതെന്നും അതിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകർ 65 പേർ മാത്രമാണെന്നും എന്നാൽ യോഗ്യതയില്ലാത്ത വരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ലെന്നും യോഗ്യതാ മാനദണ്ഡങ്ങൾ ഉള്ളതിനാൽ അദ്ധ്യാപകരായി ഇവരെ പരിഗണിക്കുവാൻ കഴിയില്ലെന്നും അവരെ ട്രൈബൽ പ്രൊമോട്ടേഴ്സ് ആയിട്ടോ അംഗനവാടി വർക്കറായിട്ടോ പുനരധിവസിപ്പിക്കാൻ സർക്കാർ ശ്രമം നടത്തുന്നുണ്ടെന്നും 405 ബദൽ സ്കൂളുകളിൽ 94 സ്കൂളുകൾക്ക് മാത്രമാണ് എൽ.പി. സ്കൂളാക്കുന്നതിന് സ്ഥലസൗകര്യങ്ങൾ ഉള്ളതായി കണ്ടെത്തിയ തെന്നും മറ്റ് സ്ഥലങ്ങളിൽ സ്കൂൾ തുടങ്ങണമെങ്കിൽ വനാവകാശനിയമം

അനുസരിച്ച് ഡി.എഫ്.ഒ.യുടെ അനുമതി വാങ്ങണമെന്നും അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും എന്നാൽ വളരെ ഉൾപ്രദേശങ്ങളിൽ സ്കൂളുകൾ ആരംഭിച്ച് യോഗ്യരായ അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിലെ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് മാറ്റാവുന്നതാണെന്നും മാത്രമല്ല നിരന്തരം സെറ്റിൽമെന്റ് മാറി താമസിക്കുന്ന നൊമാഡിക് ട്രൈബ്സുള്ള മേഖലകളിൽ റഗുലർ സ്കൂൾ പ്രായോഗികമല്ലെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

വിദ്യാഭ്യാസ അവകാശനിയമപ്രകാരം ആറുവയസിലേ ഒന്നാം ക്ലാസിൽ ചേർക്കാവൂ എന്നുള്ളതിനാൽ മൂന്നുവയസ്സിൽ അംഗനവാടിയിൽ പോകുന്ന കുട്ടികൾക്ക് മൂന്നുവർഷം അവിടെ പഠിക്കേണ്ടിവരുന്ന സ്ഥിതിവിശേഷം സമിതി ചൂണ്ടിക്കാണിച്ചു.

ആറുവയസ്സിലാണ് കുട്ടി ഒന്നാം ക്ലാസ്സിൽ ചേരേണ്ടതെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഘടനയിൽ പറഞ്ഞിട്ടുണ്ടെന്നും അത് മാറ്റാൻ സാധിക്കി ല്ലെന്നും 2013 ഏപ്രിൽ മാസത്തോടുകൂടി വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണ മായി നിലവിൽ വരുമ്പോൾ അടുത്ത അദ്ധ്യയനവർഷം മുതൽ ആറുവയസിലേ കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർക്കാൻ സാധിക്കുകയുള്ളൂവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

സമിതിയോഗം വൈകുന്നേരം 3.55-ന് പിരിഞ്ഞു.

## 8. 25-3-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2013 മാർച്ച് 25-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'VD' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ ബി. ഗണേഷ് കുമാറും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. കെ. ടി. ജലീൽ, എം.എൽ.എ.
3. ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.
4. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.
5. ശ്രീ. എം. ഉമ്മർ, എം.എൽ.എ.
6. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി സി. രമണി, അഡീഷണൽ ലാ സെക്രട്ടറി
3. ശ്രീ. എസ്. അജികുമാർ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. വി. ദിനേഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

ഖണ്ഡം 2

ഉപഖണ്ഡം (എം)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള (എൻ) മുതൽ (വി) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (ഒ) മുതൽ (ഡബ്ല്യു) വരെയായി പുനരക്ഷരം ചെയ്യുകയും ചെയ്യുക :

''(എൻ) പ്രോ-വൈസ് ചാൻസലർ എന്നാൽ സർവ്വകലാശാലയുടെ പ്രോ-വൈസ് ചാൻസലർ എന്നർത്ഥമാകുന്നു."

ഖണ്ഡം 5

ഉപഖണ്ഡം (എ)യിൽ 'പ്രാദേശികഭാഷാ പഠനം' എന്ന വാക്കുകൾക്കുശേഷം 'കേരള നവോത്ഥാന ചരിത്രപഠനം' എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 7

ഉപഖണ്ഡം (xiv) യിൽ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക :

"തുടക്കത്തിൽ എഴുത്തച്ഛൻ, സ്വാതി തിരുനാൾ, രാജാ രവിവർമ്മ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, സി.വി. രാമൻ പിള്ള, ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ പേരിൽ ചെയറുകളും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ മറ്റ് ചെയറുകളും സ്ഥാപിക്കുകയും ചെയ്യുക".

ഖണ്ഡം 7

ഉപഖണ്ഡം (എ)-യിൽ,—

1. ഇനം (iv) ആയി പ്രോ-വൈസ് ചാൻസലർ എന്ന വാക്കുകൾ ചേർക്കുക.

2. നിലവിലുള്ള (iv) മുതൽ (xiii) വരെയുള്ള ഇനങ്ങൾ (v) മുതൽ (xiv) വരെയായി പുനരക്കം ചെയ്യുക.

3. അപ്രകാരം പുനരക്കം ചെയ്ത ഇനം (xiv)-ൽ 'സെക്രട്ടറി' എന്ന വാക്കിന് പകരം 'ചെയർമാൻ' എന്ന വാക്ക് ചേർക്കുക.

4. ഇനം (xv) ആയി 'മലയാളം മിഷൻ ഡയറക്ടർ' എന്ന വാക്കുകൾ ചേർക്കുക.

5. നിലവിലുള്ള (xiv) മുതൽ (xxvi) വരെയുള്ള ഇനങ്ങൾ (xvi) മുതൽ (xxviii) വരെയായി പുനരക്കം ചെയ്യുക.

ഉപഖണ്ഡം (ബി)-യിൽ ഇനം (i) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക:

''വിവിധ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എഴുത്തുകാർ, പണ്ഡിതർ, അവതരണ കലാകാരൻമാർ തുടങ്ങി ശ്രേഷ്ഠരായ എട്ട് പേർ അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ആളും ആയിരിക്കേണ്ടതാണ്."

ഖണ്ഡം 13

ഉപഖണ്ഡം (എ) യിൽ ഇനം (ii) ആയി പ്രോ-വൈസ്ചാൻസലർ എന്ന വാക്കുകൾ ചേർക്കുകയും നിലവിലുള്ള (ii) മുതൽ (vi) വരെയുള്ള ഇനങ്ങൾ (iii) മുതൽ (vii) വരെയായി പുനരക്കം ഇടുകയും ചെയ്യുക.

ഖണ്ഡം 28

ഇനം (ii) ആയി പ്രോ-വൈസ്ചാൻസലർ എന്ന വാക്ക് ചേർക്കുകയും നിലവിലുള്ള ഇനം (ii) മുതൽ (ix) വരെയുള്ള ഇനങ്ങൾ (iii) മുതൽ (x) വരെയായി പുനരക്കം ഇടുകയും ചെയ്യുക.

ഖണ്ഡം 31

30-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം, ഖണ്ഡം 31 ആയി ചേർക്കേണ്ടതും നിലവിലുള്ള 31 മുതൽ 59 വരെയുള്ള ഖണ്ഡങ്ങൾ യഥാക്രമം 32 മുതൽ 60 വരെയായി പുനരക്കം ഇടുകയും ചെയ്യുക.

"31. പ്രോ-വൈസ്-ചാൻസലർ.—(1) ചാൻസലർ, സർവ്വകലാശാലയ്ക്കുവേണ്ടി ഒരു പ്രോ-വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് അൻപത്തിയാറ് വയസ്സ് കവിയാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ് ചാൻസലറുടെ നിയമന കാലാവധി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷമായിരിക്കുന്നതും, അദ്ദേഹം സർവ്വകലാശാലയുടെ ഒരു മുഴുവൻസമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതുമാണ്.

(4) പ്രോ-വൈസ് ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധമായിരിക്കുന്നതാണ്.

(5) ഈ ആക്ടിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതാണ്."

ഖണ്ഡം 39

പുനരക്കം ചെയ്ത 39-ാം ഖണ്ഡം (5)-ാം ഉപഖണ്ഡത്തിൽ 'വൈസ് ചാൻസലറും' എന്ന വാക്കിന് ശേഷം 'പ്രോ-വൈസ്-ചാൻസലറും' എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 45

പുനരക്കം ചെയ്ത 45-ാം ഖണ്ഡത്തിൽ (ജി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും തുടർന്നുള്ള ഇനങ്ങൾ (ഐ) മുതൽ (എം) വരെയായി പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എച്ച്) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും:"

തുടർന്ന് സമിതി 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

ഡോ. കെ. ടി. ജലീൽ, എം.എൽ.എ., ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ. എന്നീ അംഗങ്ങൾ 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബില്ലിന്മേലും ഡോ. കെ. ടി. ജലീൽ, എം.എൽ.എ., ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ., ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ. എന്നീ അംഗങ്ങൾ 2013-ലെ കോഴിക്കോട് സർവ്വകലാശാല ഭേദഗതി ബില്ലിന്മേലും വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 5 മണിക്ക് പിരിഞ്ഞു.